apta
# ആപ്ത
ആയുർവേദ മാസിക

Monthly Journal of Ayurveda Medical Association of India

DECEMBER 2022


happy new year

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ

## മെമ്പർഷിപ്പ് ക്യാമ്പയിൻ 2023




Annual subscription ; Rs.240

# Xerfer

**A Natural & Proven Hematinic with mild to no side-effects**

Since 1930
AVN Ayurveda

## Dear Doctor,

Thank you for your trust in AVN.
We believe that by trying
our Product "Xerfer",
you will get the confidence
to prescribe the same so that
you can serve your patients better.

Please read below
for further information.




## Indications

Xerfer is indicated in the following conditions:
- Iron deficiency anemia
- Iron supplement for pregnant women

## Dosage

- 2 capsules twice daily as a curative.
- 1 capsule twice daily for maintenance.

### Xerfer is formulated as a Capsule containing:



Mandoora Kharpara Triphala Haridra Punarnava

## The Natural & Safe Iron Supplement



**Amalaki**

Amalaki provides Vitamin C to enhance Iron absorption.



**Triphala**

Triphala acts as Laxative which helps prevent side effects like constipation.



**Mandoora** **Kharpara**

Naturally processed iron with Herbal Extracts makes it easily assimilable & prevents G.I side effects, usually encountered with conventional Oral Iron Therapy.



**Punarnava**

Punarnava acts as diuretic and helps to prevent oedema during pregnancy.




Provides Antioxidants and ensures healthy delivery.

*Authentic Ayurveda... Modern Approach.*

apta
ആപ്ത
ആയുർവേദ മാസിക
Monthly Journal of Ayurveda Medical Association of India

## EDITORIAL BOARD

**Chief Editor**
Dr M M Sanalkumar

**Editor in Charge**
Dr Vinod Kumar M V
9447 270 848

**Managing Editor**
Dr Devidas Vellodi
9747 480 903

**Printer & Publisher**
Dr Rejith Anandan
9447 747 470

**Resident Editor**
Dr Mushthaque K T
7994 801 525

**Members**
Dr Leena C D
Dr Ajith Kumar K C
Dr Sadath Dinakar
Dr Sirisooraj P C
Dr Rajesh B
Dr Usha K Puthumana
Dr Deep V C
Dr Ajayaghosh T K
Dr Anish Nooranad
Dr Harin

**Layout**
MOZACA MEDIA

The Managing Editor
Apta, Ayurveda Bhavan, XVIII/2A
PB No:9, Angamaly-
editor.apta@gmail.com
amai.office@gmail.com
www. ayurveda-amai.org

Annual Subscription: ₹ 240
DD in Favour of:
apta payable at Angamaly

# ഉള്ളടക്കം

**എഡിറ്റോറിയൽ** 04

**ജനറൽ സെക്രട്ടറിയുടെ സന്ദേശം** 05

**ആയുർവേദത്തിന്റെ പുതുവഴികൾ** 06
കവർസ്റ്റോറി (തുടർച്ച)

**ഭാവിയിലെ ആയുർവേദം –**
**ഔഷധ നിർമ്മാണ പരിഷ്കരണം** 12
ഡോ. പി എൽ ജോസ്

**Telehealth : Status and prospects of Ayurveda** 14
Dr Naveen Chandran V

**കേരളത്തിലെ വൈദ്യസംബന്ധിയായ ഹസ്തലിഖിത ശേഖരം ഒരു അവലോകനം** 17
ഡോ. കെ മുരളി

**An Innovative minially invasive approach in the treatment of chronic anal fissure** 29
Dr Dipusukumar

**ഔഷധ നിർണ്ണയത്തിനു മുൻപ്** 32
സംവാദം (അവസാന ഭാഗം)

**സംഘടന : ജില്ലാ വാർത്തകൾ** 37

Dec 2022 I Vol 10 I Issue 12

Disclaimer; The views and opinions expressed by various authors in good faith and are not necessarly those of publisher

# ചില വർഷാന്ത ചിന്തകൾ

ഡിസംബർ മാസമാണ്. കഴിഞ്ഞ ഒരു വർഷത്തെ കണക്കെടുപ്പ്  നടത്താവുന്ന സന്ദർഭം; അതുവെച്ച് ശുഭപ്രതീക്ഷകളുടെ പുതിയ വർഷം വിഭാവനം ചെയ്യുകയുമാകാം.

കോവിഡ് 19 ആഗോള ജീവിതത്തിലേക്ക് കൂട്ടുകയും കിഴിക്കുകയും ചെയ്തതെല്ലാം നമുക്കും ബാധകമാണ്. നിരാസങ്ങൾ, സ്വീകാരങ്ങൾ – എല്ലാം.

പോസ്റ്റ്കോവിഡ് എന്നത് ഒരു രോഗാവസ്ഥയുടെ മാത്രമല്ല, ഒരു സാമൂഹ്യാന്തരീക്ഷത്തിന്റെ കൂടി പേരായി മാറി.  അതിൽ ആയുർവേദത്തിന്റെ വ്യാപ്തിയും ആയുർവേദ സമൂഹത്തിന്റെ ചാലകശേഷിയും ആസൂത്രണ രംഗത്ത് പരിഗണിക്കപ്പെടുമെന്ന് നാം കരുതി. പൊതുജനാരോഗ്യം പോലുള്ള സുപ്രധാന മേഖലകളിൽ ആ കരുതലിന് സ്ഥാനമില്ലാതെ പോയി. അതിലെ ഇടപെടലുകൾ നമ്മുടെ പ്രധാന പരിപാടികളിലൊന്നായി മാറി. അതിപ്പോഴും തുടരുന്നു; അടുത്ത വർഷത്തെ മുൻഗണനകളിൽ ഒന്നാമത്തേതായി.

സംഘടനയ്ക്ക് പുതിയ നേതൃത്വം വന്നു. കൃതഹസ്തരെന്നു നേരത്തേ തെളിഞ്ഞവർ സ്ഥാനങ്ങളിലെത്തി. പഴയ ടീം മുഴുവൻ സമയ പിന്തുണയുമായി തുടരുന്നു.

നമ്മുടെ സംഘടനാ ശേഷി സുപ്രധാന നാഴികക്കല്ലുകൾ പിന്നിട്ടു – അംഗത്വം പതിനായിരം കടന്നു. ഈ അംഗത്വ മികവ് പല മേഖലകളിലുമുള്ള സമ്മർദ്ദശേഷി വർദ്ധിപ്പിക്കാനായി പ്രയോജനപ്പെടുത്തേണ്ടുന്ന കാലമാണ് വരാൻ പോകുന്നത്. വീണ്ടുമൊരു മെമ്പർഷിപ്പുകാലം വരുന്നു. പതിനയ്യായിരമെന്ന ലക്ഷ്യം നാം സാക്ഷാത്കരിക്കും. കേരളത്തിന്നു പുറത്തേക്കുള്ള സംഘടനയുടെ വ്യാപനം മറ്റൊരു ലക്ഷ്യം.

സംഘടനയ്ക്ക് സ്വന്തമായ ഒരു അക്കാദമി വന്നു; സജീവമായി. ഒരു സംഘടനയുടെ ജനാധിപത്യ സംവിധാനമെന്ന തണൽ എങ്ങനെ പുതിയ ആശയങ്ങളെ ആശാഭരിതമാക്കുന്നു എന്ന് അതിലൂടെ കാണാൻ സാധിച്ചു. അടുത്ത വർഷം കൂടുതൽ പേരിലേക്ക്; വൈവിധ്യമാർന്ന കോഴ്സുകൾ, നൈപുണ്യവികസനം.

യുവതലമുറയുടെ പ്രശ്നങ്ങളെ കൂടുതൽ ഗൗരവത്തോടെ കാണാനാരംഭിച്ചു. നവീനവിവര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന പൊതുജനാരോഗ്യ പരിപാടികൾ സജീവമായി.

ആപ്തയിലും വന്നു മാറ്റങ്ങൾ: രൂപത്തിലും ഭാവത്തിലും. ചില വിഷയങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ ശ്രമിച്ചു. ചരിത്രം, വർത്തമാനം, ഭാവി – ഇവ ചർച്ചാവിഷയമായി. പല കോണുകളിൽ നിന്നുള്ള ആശയങ്ങൾക്ക് ആപ്തയുടെ താളുകൾ നീക്കിവെച്ചു.

ഈ ലക്കം ആപ്തയിൽ കഴിഞ്ഞ ലക്കത്തിൽ തുടങ്ങി വെച്ച ആയുർവേദത്തിന്റെ പുതുവഴികൾ എന്ന കവർ സ്റ്റോറി തുടരുന്നു.

നമ്മുടെ ഹസ്തലിഖിത ഗ്രന്ഥപാരമ്പര്യം സംബന്ധിച്ച അന്വേഷണം ആരംഭിക്കുന്നു.
ശാസ്ത്രലേഖനങ്ങളും സംഘടനാ വാർത്തകളും പതിവുപോലെ.

എല്ലാവർക്കും പുതുവത്സരാശംസകൾ!



Editor - In - Charge
*editor.apta@gmail,com*

ജനറൽ സെക്രട്ടറിയുടെ
സന്ദേശം



## മെമ്പർഷിപ്പു പ്രവർത്തനത്തിലൂടെ സംഘടനയെ ശാക്തീകരിക്കുക

നാൽപത്തിനാലു വർഷത്തെ പ്രവർത്തന ചരിത്രമുള്ള നമ്മുടെ സംഘടന പതിനായിരത്തിൽ പരം അംഗബലമെന്ന ഒരു നാഴിക കല്ല് കൂടി അടയാളപ്പെടുത്തി ഒരു വർഷം കടന്നു പോകുകയാണ്. രാജ്യത്തെ ആയുർവേദ ഡോക്ടർമാരുടെ ഏറ്റവും വലിയ സംഘടിത രൂപമായി മാറുന്നതിന് നമ്മുടെ സംഘടനയ്ക്ക് കഴിഞ്ഞതിൽ നമുക്ക് ഓരോരുത്തർക്കും അഭിമാനിക്കാം. ആയുർവേദ സമൂഹത്തിന്റെ പൊതു ശബ്ദമെന്ന നിലയിൽ സർക്കാരുകളിൽ നിന്നും പൊതു സമൂഹത്തിൽ നിന്നും അർഹിക്കുന്ന അംഗീകാരം നമുക്ക് ലഭിക്കുന്നുണ്ട്.

ആയുർവേദ രംഗത്ത് കേരളം നേടിയ നേട്ടങ്ങളിലെല്ലാം ഈ സംഘടനയുടെ സ്വപ്നവും വിയർപ്പുമുണ്ട്. നമ്മുടെ അംഗബലത്തിന്റെ തണലിലാണ് വ്യാജ വൈദ്യത്തിനെതിരെ നിരന്തര പോരാട്ടങ്ങൾ നാം തുടരുന്നതും ആയുർവേദത്തിനെതിരെ കുപ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ പ്രതികരിക്കുന്നതും പൊതുജനാരോഗ്യ രംഗത്ത് നിന്ന് ബോധപൂർവ്വം ആയുർവേദത്തെ മാറ്റി നിർത്താനുള്ള ശ്രമങ്ങളെ പ്രതിരോധിക്കുന്നതും ആയുർവേദ മേഖലയിലെ സർവതലസ്പർശിയായ വിഷയങ്ങളിൽ ഇടപെടുന്നതിനും ആയുർവേദ വികസനത്തിനായി മുന്നിൽ നിന്നു പ്രവർത്തിക്കാനും ഉള്ള ഊർജവും ഈ അംഗബലമാണ്.

നിസ്സഹായവസ്ഥയിലായി പോകുന്ന നമ്മുടെ സഹോദരങ്ങളെ ചേർത്തു നിർത്തി പല തുള്ളി പെരുവെള്ളമായി മാറിയ നമ്മുടെ സാന്ത്വനം ഫണ്ട് വഴി കേവലം രണ്ട് വർഷം കൊണ്ട് 1.25 കോടി രൂപയുടെ സഹായങ്ങൾ ചെയ്തു തീർക്കാൻ സാധിച്ചതും ഈ സംഘ ശക്തി കൊണ്ട് മാത്രമാണ്.

അടുത്ത വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനങ്ങൾ ജനുവരി 1 മുതൽ ആരംഭിക്കുകയാണ്. 15000 മെമ്പർഷിപ്പിൽ എത്തിച്ചേരുക എന്ന ലക്ഷ്യമാണ് നമുക്ക് മുമ്പിലുള്ളത്. സംഘ ശക്തി കൊണ്ട് നേടാൻ ലക്ഷ്യങ്ങൾ ഏറെയാണ് മുന്നിൽ. നമുക്ക് ചുറ്റുമുള്ളവരെ കൂടെ കണ്ണി ചേർക്കാൻ ഓരോ അംഗങ്ങളുടെയും ആത്മാർത്ഥമായ ശ്രമം ഉണ്ടാവണം എന്നാൽ മാത്രമേ 15000 എന്ന ലക്ഷ്യം നാം മറികടക്കു. ആയുർവേദ രംഗത്തെ ഒറ്റ നാവായി മാറുന്നതിനും വർത്തമാന കാല പ്രതിസന്ധികളെ മറികടക്കാനൊന്നിച്ചു നിൽക്കാനും കേരളത്തെ ആയുർവേദത്തിന്റെ മണ്ണായി നിലനിർത്താനും ഒന്നിച്ചു നിൽക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ അംഗങ്ങൾക്കും സ്നേഹം നിറഞ്ഞ പുതുവത്സര ആശംസകൾ.

കഴിഞ്ഞ ലക്കത്തിലെ കവർസ്റ്റോറി തുടരുന്നു

# ഓൺലൈൻ കൺസൾട്ടേഷൻ: പുതിയ സാധ്യതകളേറുന്നു



**ഡോ.ബി.രാജേഷ്**
അനാരിൽ വൈദ്യശാല
തൃക്കുന്നപ്പുഴ

സ്വകാര്യ ആയുർവേദ പ്രാക്ടീസിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോഗിക്കുകയും സ്വന്തമായി ഓൺലൈൻ കൺസൾട്ടേഷൻ പ്ലാറ്റ്ഫോം വികസിപ്പിക്കുകയും ചെയ്തു.

ഓൺലൈൻ കൺസൾട്ടേഷൻ മേഖലയിൽ എത്തുന്നത് ടൂറിസം മേഖലയിൽ നിന്നാണ്. നാട്ടിലെ ക്ലിനിക്കിന് ഒപ്പം തന്നെ ഒരു ടൂറിസ്റ്റ് റിസോർട്ടിന്റെ ആയുർവേദ സെന്റർ കൂടി എറ്റെടുത്തു നടത്തിയിരുന്നു. അവിടെ വന്നിരുന്ന വിദേശികൾ അവരുടെ ചികിത്സാ ആവശ്യങ്ങൾക്കായി ബന്ധപ്പെടുന്നതിനെ തുടർന്നാണ് ഓൺലൈൻ കൺസൾട്ടേഷൻ എന്ന സാധ്യതയെക്കുറിച്ച് ആലോചിച്ചത്. അത് അന്നൊരു പേഴ്സൺ ടു പേഴ്സൺ കൺസൾട്ടേഷൻ ആയിരുന്നു. ആദ്യത്തെ ശ്രമം പരാജയപ്പെട്ടു. പിന്നീട് എന്റെ ഒരു സുഹൃത്തിന്റെ കൂടെ ചേർന്നുള്ള കൺസൾട്ടേഷൻ ആരംഭിച്ചു.

നമ്മുടെ പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. കേരളത്തിൽ 20 ശതമാനം, ഏകദേശം 3.5 കോടിയിൽ 70 ലക്ഷവും, 700 കോടി ജനങ്ങൾ ഉള്ളതിൽ 1% അതായത് 7 കോടിയും ആളുകൾ ഉപയോഗിക്കാൻ പറ്റുന്ന രീതിയിലേക്ക് വളർന്നാൽ പത്തിരട്ടി വളർച്ചയാണ് അതുകൊണ്ട് മാത്രം വരുന്നത്. നമ്മൾ സംവദിക്കുന്ന സമൂഹത്തിന്റെ ഭൂമിശാസ്ത്രവും നമ്മൾ പഠിച്ചിരിക്കണം. നിരന്തരമായ ഒരു ശ്രമം ഉണ്ടെങ്കിൽ യാതൊരു ബുദ്ധിമുട്ടും ഇല്ലാതെ ഇത് വളരെ സുരക്ഷിതമായി ജീവിക്കാം. രോഗിയുമായി ഒരു ആജീവനാന്ത ബന്ധം നമുക്കുണ്ടാവും. അവരുടെ സമൂഹവുമായി ബന്ധപ്പെടാനുള്ള സാഹചര്യവുമുണ്ട്. കമ്മ്യൂണിക്കേഷന്റെ വളർച്ച കൊണ്ട് ഒട്ടും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കാര്യങ്ങൾ ചെയ്യാൻ പറ്റും. അതുകൊണ്ട് തന്നെ ഈ മേഖലയിൽ കടന്നു വരാൻ യുവ ഡോക്ടർമാർക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. മുതൽമുടക്ക് വളരെ കുറച്ചു മതി. ജോലി ചെയ്യാനുള്ള മനസ്ഥിതിയും പുതിയ പുതിയ കാര്യങ്ങൾ അപ്പപ്പോൾ മനസ്സിലാക്കി പ്രാവർത്തികമാക്കാനുള്ള പ്രയത്നവും ഉണ്ടെങ്കിൽ കാര്യങ്ങൾ ശുഭകരമാണ്.

2005-06 കാലം മുതലാണ് കൂടുതൽ ഗൗരവമായിട്ട് ഓൺലൈൻ കൺസൾട്ടേഷൻ ചെയ്യാൻ സാധിച്ചിരുന്നത്. പിൽക്കാലത്ത് സാങ്കേതികവിദ്യയുടെ വലിയ വികാസം ഉണ്ടായതുകൊണ്ട് ഇപ്പോൾ കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായി. മരുന്നു വാങ്ങാനും അത് എത്തിക്കാനുള്ള സൗകര്യങ്ങൾ കൂടിയതുകൊണ്ട് കാര്യങ്ങൾ കുറച്ചുകൂടി എളുപ്പമായി. സാധാരണ ഒരു ക്ലിനിക്കിൽ നിന്ന് ഡിജിറ്റൽ ഫോർമാറ്റിലേക്കുള്ള മാറ്റം കൂടുതൽ രോഗികളെ എത്തിക്കാൻ പര്യാപ്തമാണ്. മാർക്കറ്റിംഗ് ഒരു ഭാഗത്ത് നടത്തുകയും വരുന്ന രോഗികളെ അവർക്ക് സംതൃപ്തി നൽകുന്ന രീതിയിൽ ചികിത്സ നടത്തുകയും വേണം.

ഇതിലെ ഡിജിറ്റൽ/വെർച്വൽ ഫോർമാറ്റ് ഒരു ഫിസിക്കൽ ഫോർമാറ്റിൽ നിന്ന് അതിന്റെ അടിസ്ഥാന മൂല്യങ്ങളിൽ ഒന്നും മാറ്റമില്ല. സാഹചര്യങ്ങളും സ്ഥലവും മാറുന്നു എന്ന് മാത്രമേയുള്ളൂ.

കേരളത്തിലെ 20 ശതമാനത്തിൽ താഴെ ആളുകൾ ആയുർവേദം ഉപയോഗിക്കുന്നത് കൊണ്ടാണ് സജീവ പ്രാക്ടീസിലുള്ള ആയുർവേദ ഡോക്ടർമാരുടെ ജീവിതം മുന്നോട്ടുപോകുന്നത്. 20 ശതമാനം എന്നുള്ളത് ഒരു 25%-30% ആയാൽ തന്നെ നമ്മുടെ പല പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കും. ഇതുവരെയുള്ള അനുഭവങ്ങൾ മുന്നോട്ടുപോകാൻ തന്നെ പ്രേരിപ്പിക്കുന്നതാണ്. ആയുർവേദ ചികിത്സാശാസ്ത്രത്തിന്റെ ശക്തിയും സൗന്ദര്യവും പലപ്പോഴും നമുക്ക് അനുഭവിക്കാൻ സാധിക്കും. സാമ്പത്തിക നേട്ടം എന്നതിലുപരി മാനസികമായ സുഖം ലഭിക്കുന്ന ഒത്തിരി അനുഭവങ്ങൾ ഉണ്ടാവും. അതുകൊണ്ടു തന്നെ ഇതുവരെയുള്ള അനുഭവങ്ങൾ പോസിറ്റീവ് ആയിട്ട് തന്നെയാണ് അനുഭവപ്പെട്ടത്.

FUTURISTIC AYURVEDA

## ആഹാര രൂപത്തിലുള്ള ഔഷധ പ്രയോഗത്തിന് പ്രസക്തി വർദ്ധിക്കുന്നു



**Dr. Aravind S**
Medical Officer, Government Ayurveda Dispensary Muzhappilangad,



**Dr. Aswathy P**
Phd scholar, Dept. Of Rogavijnana & Vikrithivijnana , National Institute of Ayurveda, Jaipur , Rajasthan

**ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ ദേശീയാടിസ്ഥാനത്തിൽ നടത്തിയ സ്റ്റാർട്ടപ്പ് ചലഞ്ച് 2022 ൽ ആയുഷ് ഗുഡ് ഫൂഡ് കോൺക്ലേവിൽ ഒന്നാം സമ്മാനം പ്രധാനമന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി**

കരിയറിൽ ഒരു പ്രതിസന്ധി ഘട്ടത്തിൽ നിൽക്കുമ്പോഴാണ് എന്തെങ്കിലും പുതുതായി ചെയ്താലോയെന്ന് ആലോചിച്ചത്. ആയുർവേദ മരുന്നുകളുടെ തീക്ഷ്ണ സ്വഭാവവും രുചിയും അതു പയോഗിക്കുന്നതിൽ നിന്നും ഒരുപാട് പേരെ വിലക്കുന്നുണ്ട്. അങ്ങനെയാണ് എന്തുകൊണ്ട് ഈ മരുന്നുകൾ നമ്മൾ നിത്യവും കാണുന്ന ആഹാരരൂപങ്ങളിലാക്കി കൊടുത്തുകൂടാ എന്ന് ചിന്തിച്ചത്. ആയുർവേദത്തിൽ Dietetics വളരെ വിശദമായി പ്രതിപാദിപ്പെടുന്നു.

ഏറ്റവും വലിയ ഔഷധം ആഹാരവും ഏറ്റവും വലിയ ഫാർമസി അടുക്കളയും ഏറ്റവും വലിയ വൈദ്യൻ അത് ചിട്ടയായി പാകം ചെയ്തു തരുന്ന വ്യക്തിയുമാണ്.

കൂടുതൽ രുചികരമായ, എല്ലാവർക്കും കഴിക്കാൻ പറ്റുന്ന തരത്തിൽ ആഹാരം പാകം ചെയ്ത് കൃത്രിമ രാസവസ്തുക്കളോ നിറമോ ചേർക്കാതെ എങ്ങനെ ജനങ്ങളിലേക്കെത്തിക്കമെന്നതിൽ പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജനങ്ങളിൽ

നിന്നും വളരെ മികച്ച പ്രതികരണമാണ് ഈ ഉൽപന്നങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.
ആയുർവേദം വളരെ വിശാലമായ ഒരു ശാസ്ത്രമാണ്. രോഗശാന്തി മാത്രമല്ല മറ്റു പല ശാഖകളായും നമുക്ക് ഈ ശാസ്ത്രത്തെ തിരിക്കാം. ഈ ശാസ്ത്രത്തിലേക്കായി നമുക്ക് എന്ത് നൽകാൻ കഴിയുമെന്ന് ചിന്തിക്കണം. എല്ലാവരും സഞ്ചരിക്കുന്ന വഴിയേ അല്ലാതെ പുതിയൊരു പാത രൂപപ്പെടുത്താൻ നാം ശ്രമിക്കണം. 'It doens't matter how many resources you have, if you don't know how to use them, it will never be enough'. നമ്മുടെ ശാസ്ത്രത്തിനും ജനങ്ങൾക്കും വേണ്ടി ചെയ്യാൻ പറ്റുന്ന പരമാവധി കാര്യങ്ങൾ ആത്മാർഥതയോടെ ചെയ്യുക.

---

FUTURISTIC AYURVEDA

# സാധ്യതകളെക്കുറിച്ചുള്ള കോഴ്സുകൾക്കും സാധ്യതയേറെ



**ഡോ. പി. ഷബീൽ ഇബ്രാഹിം**
പുളിയംപറ്റ വൈദ്യശാല
മേപ്പാടി വയനാട്

എ.എം.എ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന നൈപുണ്യവികസന കോഴ്സുകളുടെ കോ-ഓർഡിനേറ്ററാണ്

2021 മുതൽ AMAI സ്റ്റേറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി യുവത എന്ന ഒരു സബ്കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. ഓരോ രണ്ടാഴ്ച കൂടുമ്പോളും യുവ ഡോക്ടർമാർക്ക് ഉപയോഗകരമായ ക്ലാസുകൾ എന്നതായിരുന്നു ലക്ഷ്യം. ചികിത്സയുമായി ബന്ധപ്പെട്ട ക്ലാസുകൾ എന്നല്ലാതെ ഒരു ക്ലിനിക് തുടങ്ങാൻ എന്തൊക്കെ ആവശ്യമാണ്, ഡിജിറ്റൽ മാർക്കറ്റിംഗ്, വിദേശത്ത് ജോലി സാധ്യതകൾ, യുവ ഡോക്ടർമാരുടെ മാനസികപ്രശ്നങ്ങൾ ദുരീകരിക്കുക എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്തു വന്നു. അതിനു നല്ല സ്വീകാര്യത കിട്ടിയതിനെ തുടർന്നാണ് AMAI അക്കാദമി എന്ന ആശയം വന്നത്. നിലവിലുള്ള 'യുവത' യുടെ പരിപാടികളുടെ തുടർച്ച എന്ന രീതിയി ലാണ് പ്രവർത്തനങ്ങൾ നടന്നു പോകുന്നത്. യുവ ഡോക്ടർമാരെ കേന്ദ്രീകരിച്ചു ചെയ്തിട്ടുള്ള ഹ്രസ്വകാല കോഴ്സുകൾ, പിജി എൻട്രൻസ് കോഴ്സ്, ഡ്രഗ് ഇൻസ്പെക്ടർ പരീക്ഷക്കായുള്ള ഹ്രസ്വ കാല കോഴ്സ്, മിഡിൽ ഈസ്റ്റിലേക്ക് പോകുന്നവർക്ക് ലാംഗ്വേജ് സോഷ്യൽ ഔട്ട് ലുക്ക് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ എടുത്തു വന്നു. യോഗ, കോസ്മറ്റോളജി തുടങ്ങിയ കോഴ്സുകളും തുടങ്ങാൻ ആലോചന ഉണ്ട്.
നിലവിൽ കേരളത്തിനകത്തും പുറത്തും ചിലവുകൂടിയ കോഴ്സാണ് പി.ജി എൻട്രൻസ് പരിശീലനം. തുച്ഛമായ നിരക്കിൽ നല്ല ഗുണമേന്മയിൽ ഈ കോഴ്സ് എല്ലാ ഡോക്ടർമാരിലേക്കും എത്തിക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് പി.ജി. എൻട്രൻസ് കോഴ്സ് തുടങ്ങിയത്. നിലവിൽ വൈകുന്നേരങ്ങളിലെ ഓൺലൈൻ ക്ലാസുകളും, ക്ലാസ് റെക്കോർഡിങ്ങും,

സ്റ്റഡി ആപ്പുകൾ മുഖേനയും, നോട്സ് ആയിട്ടും ആണ് കോഴ്സ് നടന്നുവരുന്നത്.
മാറി ചിന്തിക്കുക; അവസരങ്ങൾ എല്ലായിടത്തും ഉണ്ട്. അവയെ കണ്ടുപിടിച്ച് മുന്നേറുകയാണ് നമ്മൾ ചെയ്യേണ്ടത്.
എല്ലാവരും ഒരേ വഴിയിലൂടെ പോവുന്നതാണ് പ്രശ്നം. സമൂഹത്തിന്റെ മാറ്റത്തിനനുസരിച്ച് നമ്മൾ മാറുക ശാസ്ത്രത്തെയും മാറ്റുക എന്നതാണ് വേണ്ടത്. ജനങ്ങൾക്ക് എന്താണ് വേണ്ടത് എന്ന് മനസ്സിലാക്കി നമ്മുടെ ശാസ്ത്രത്തെ ഇഷ്ടാനുസൃതമാക്കുകയാണ് വേണ്ടത്.

FUTURISTIC AYURVEDA

## ഗൾഫ് നാടുകൾ – ആയുർവേദത്തിന്റെ രണ്ടാമിടം



**ഡോ. ഹൃദ്യ ടി. ചന്ദ്രൻ**
മെഡിക്കൽ ഡയറക്ടർ, ഒയസിസ് കെയർ ആയുർവേദ മെഡിക്കൽ സെന്റർ, ദുബായ്
മാനേജിങ് പാർട്ണർ, മെസ്ന ആയുർവേദിക് ഹെൽത്ത് കെയർ സെന്റർ, ഷാർജ
ആയുർവേദ ബിരുദാനന്തര പഠനത്തിനു ശേഷം ഗൾഫ് രാജ്യങ്ങളിൽ പ്രാക്ടീസിനും ക്ലിനിക്കൽ സംരംഭങ്ങൾക്കും നേതൃത്വം നല്കി വരുന്നു

കരിയറും കുടുംബജീവിതവും ഒരേ പ്രാധാന്യത്തോടെ മുന്നോട്ടു കൊണ്ടു പോകണമെന്ന നിശ്ചയമാണ് പ്രാക്ടീസിന് വേണ്ടി ദുബായ് തിരഞ്ഞെടുക്കാൻ കാരണം. എവിടെയായാലും പഠിച്ച ശാസ്ത്രത്തെ കഴിവിന്റെ പരമാവധി സമൂഹത്തിനുവേണ്ടി പ്രയോജനപ്പെടുത്തണം എന്ന നിർബന്ധവും ഉണ്ടായിരുന്നു. 2016ൽ ദുബായിൽ പ്രാക്ടീസ് ആരംഭിക്കുമ്പോൾ വിവിധ ആയുർവേദ ചികിത്സകളിലെ വിദഗ്ധരുടെ എണ്ണം വിരളമായിരുന്ന ഒരു സാഹചര്യമാണ് ഇവിടെ ഉണ്ടായിരുന്നത്. പിജി നേടിയ 'പ്രസൂതിതന്ത്ര'ത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് തന്നെ ചികിത്സ ചെയ്യുവാൻ ആരംഭിച്ചു. തുടർന്ന് പഞ്ചകർമ്മ, പെയിൻ മാനേജ്മെന്റ്, കോസ്മെറ്റോളജി തുടങ്ങിയ വിഭാഗങ്ങളിലേക്കും ചികിത്സ വ്യാപിപ്പിക്കുവാൻ സാധിച്ചു. നിലവിൽ ക്ലിനിക്കൽ പ്രാക്ടീസും സംരംഭകത്വവും വിജയകരമായി തുടർന്നു പോരാൻ കഴിയുന്നു.
ആയുർവേദ ശാസ്ത്രത്തിന്റെ രണ്ടാം ഇടമായി ഗൾഫ് നാടുകളെ പരിവർത്തനപ്പെടുത്തുവാനുള്ള ഒരു സാധ്യത തന്നെ തെളിഞ്ഞു വരുന്നതാണ് അനുഭവങ്ങളിൽ നിന്നും മനസ്സിലായിട്ടുള്ളത്. എന്നാൽ, വിദേശ രാജ്യങ്ങളിൽ ആയുർവേദ ചികിത്സ എന്നത് അതിവേഗം കച്ചവടവൽക്കരിക്കപ്പെടുന്നു എന്ന ആശങ്കയും ചെറുതല്ല.
കൂടുതൽ പഠിക്കുന്നതിനുള്ള ഏത് അവസരവും പ്രയോജനപ്പെടുത്തുക, സ്വപ്നങ്ങളിൽ അടിയുറച്ചു വിശ്വസിക്കുകയും പ്രതിബന്ധങ്ങളെ തരണം ചെയ്യാനുള്ള പ്രാപ്തി നേടിയെടുക്കുകയും ചെയ്യുക എന്നിവയാണ് വരും തലമുറയിലെ ഡോക്ടർമാരോട് പറയാനുള്ളത്. അർപ്പണബോധം ഉണ്ടെങ്കിൽ അവസരങ്ങൾ എവിടെയും ലഭ്യമാണ്.

FUTURISTIC AYURVEDA

# പൊതുജനാരോഗ്യ രംഗത്തും നമുക്ക് വഴികളുണ്ട്



**ഡോ. ഉമ വാസുദേവൻ**
Associate Researcher,
Erasmus+ PreventIt Project,
Amrita Institute of Medical Sciences and Consultant,
The George Institute India.

ആയുർവേദ പഠനത്തിനു ശേഷം പൊതു ജനാരോഗ്യ മേഖലയിൽ ഉപരിപഠനം നടത്തുകയും പൊതുജനാരോഗ്യ ഗവേഷണത്തിൽ സജീവമായി ഇടപെടുകയും ചെയ്യുന്നു

വളരെ യാദൃച്ഛികമായാണ് പൊതുജനാരോഗ്യരംഗത്തേക്കുള്ള പ്രവേശനത്തിന് വഴിയൊരുങ്ങുന്നത്. 2013ൽ ബിഎഎംഎസ് കഴിഞ്ഞുനിൽക്കെ, ദേശീയ കുടുംബാരോഗ്യ സർവ്വേയുടെ വിവരശേഖരണാർത്ഥം ഏകദേശം ഒരു വർഷക്കാലം പ്രവർത്തിക്കാൻ അവസരം ലഭിച്ചിരുന്നു.

ആരോഗ്യമേഖലയിൽ നയരൂപീകരണം നടക്കുന്നത് എപ്രകാരമാണ്, അതിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്, ഏതൊക്കെയാണ് ആവശ്യസ്രോതസ്സുകൾ എന്നിങ്ങനെയുള്ള അറിവുകൾ ലഭിച്ചത് അവിടെ നിന്നാണ്. അങ്ങനെയിരിക്കെ, ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധയൂന്നി പഠിക്കണമെന്ന് തോന്നുകയും, JIPMER ൽ നിന്നും 'മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്" എന്ന ദ്വിവർഷ കോഴ്സ് പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് പൊതുജനാരോഗ്യ വിഭാഗത്തിൽ തന്നെ വിവിധ ശ്രേണികളിൽ സേവനമനുഷ്ഠിക്കുകയുണ്ടായി.

പ്രത്യേകം ചൂണ്ടിക്കാണിക്കുവാൻ ഉതകും വിധം നിയതമായ ഒരു രൂപമല്ല ഈ രംഗത്തിനുള്ളത് എന്നതാണ് എടുത്തുപറയേണ്ട സവിശേഷത. മെഡിക്കൽ മേഖലയ്ക്ക് പുറമേ എം എസ് ഡബ്ലിയു പോലെയുള്ള ഇതര കോഴ്സുകൾ കഴിഞ്ഞവർക്കും അവസരം ഉള്ള ഒരു ശൃംഖലയാണിത്. നാം സാധാരണ പിന്തുടർന്ന് പോരുന്ന ചികിത്സാപരിജ്ഞാനത്തെക്കാൾ ഇവിടെ ആവശ്യം വിശകലന വൈദഗ്ധ്യവും കാര്യക്ഷമതയും പ്രശ്നപരിഹാര ശേഷിയുമാണ്.

സാമ്പ്രദായിക ആയുർവേദ ചികിത്സയിലേക്ക് മാത്രം ഒതുങ്ങുന്ന തരത്തിലുള്ള തൊഴിൽ സങ്കല്പങ്ങൾ ഇന്ന് അപ്രായോഗികമാണെന്നാണ് കരുതുന്നത്. ശാസ്ത്രത്തെ കാലഘട്ടത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. സ്വന്തം പുറന്തോട് പൊളിച്ചു പുറത്തേക്ക് വരിക എന്നതാണ് പുതുതലമുറയോട് പറയാനുള്ളത്. എക്കാലവും പഠനം തുടരുകയും വെല്ലുവിളികളെ പഠനാനുഭവങ്ങളായി കണക്കാക്കുകയും ആണ് വേണ്ടത്.

---

കവർ ചിത്രം
പ്രമേയം; മെമ്പർഷിപ്പ് ക്യാമ്പയിൻ
ആപ്തയിലേക്ക് ലേഖനം അയക്കാൻ താത്പര്യപ്പെടുന്നവർ MS Word 12 ടെക്സ്റ്റ് സൈസിൽ കഴിവതും രണ്ട് പേജിൽ കൂടാത്ത ലേഖനങ്ങൾ editor.apta@gmail.com എന്ന മെയിൽ ഐഡിയിൽ അയക്കുക. ആപ്തയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, വിമർശനങ്ങൾ എന്നിവ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്താൽ ലഭിക്കുന്ന ഫീഡ്ബാക്ക് ഫോമിൽ രേഖപ്പെടുത്തുക.

FUTURISTIC AYURVEDA

# ആയുർവേദിക് സൈക്കോതെറാപ്പിയുടെ സ്മൃതി സാധ്യതകൾ



**ഡോ.മുഹമ്മദ് സഫീർ പി.ഐ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്മൃതി മെഡിറ്റേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ തെറാപ്യൂട്ടിക് ഇന്നൊവേഷൻസ്, കോട്ടയ്ക്കൽ.

ആയുർവേദത്തിലെ മനോ നിരൂപണ സമ്പ്രദായമെന്ന നിലയിൽ അടുത്ത കാലത്ത് ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്ന സ്മൃതി മെഡിറ്റേഷന്റെ വിദഗ്ധപ്രയോക്താക്കളിലൊരാൾ.

സ്മൃതി മെഡിറ്റേഷൻ എന്ന ആയുർവേദത്തിന്റെ, പ്രത്യേകിച്ച് യോഗയുടെ നൂതനശാഖയിലേക്ക് എത്തിച്ചേരുന്നത് ഈ മേഖലയുടെ സ്രഷ്ടാവും പ്രചാരകനുമായ ഡോ. കെ വി ദിലീപ് കുമാർ സാറിലൂടെയാണ്. മരുന്നു കൊണ്ടുള്ള രോഗശമനത്തിന് പരിധി നിർണയിക്കപ്പെടുന്ന പലഘട്ടത്തിലും ഈ രീതി ഫലപ്രദമായി തീരുന്നുണ്ടെന്ന് ബോധ്യപ്പെട്ടതോടുകൂടിയാണ് ഈ മേഖലയിലേക്ക് ശ്രദ്ധ പതിയുന്നത്. നിലവിൽ സ്മൃതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായും സ്വന്തം സംരംഭത്തിൽ ക്ലിനിക്കൽ പ്രാക്ടീസിന് മുൻഗണന കൊടുത്തുകൊണ്ടും സ്മൃതി മെഡിറ്റേഷൻ ജനങ്ങളിൽ എത്തിക്കാൻ ശ്രമിക്കാറുണ്ട്. ആയുർവേദ സൈക്കോതെറാപ്പിയിൽ ഈ വിഷയത്തിന്റെ അനന്തസാധ്യതകളെ ജനങ്ങളിൽ എത്തിക്കുക, ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക, ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ പ്രചരിപ്പിക്കുക മുതലായ പ്രവർത്തനങ്ങളിലൂടെയാണ് ഇപ്പോൾ മുന്നോട്ടു പോകുന്നത്. അനുദിനം വളർന്നുവരുന്ന ആശയം ആയതിനാൽ തന്നെ അനുയോജ്യ യോഗ്യത നേടിയ ഡോക്ടർമാർക്ക് ഇന്ന് ആവശ്യക്കാർ ഏറെയുള്ള സാഹചര്യമാണ്. ബിഹേവിയർ തെറാപ്പി, ആൽക്കഹോൾ ഡീഅഡിക്ഷൻ, ജീവിതശൈലീരോഗ നിയന്ത്രണം എന്നീ വിഭാഗങ്ങളിലും സ്മൃതി മെഡിറ്റേഷന്റെ സാധ്യതകൾ വളരെ കൂടുതലാണ്. നാം പരമ്പരാഗതമായി തുടർന്നു വരുന്ന 'സിലബസിനുള്ളിൽ കുടുങ്ങിക്കിടന്ന് പഠിക്കുക ' എന്ന രീതിയിൽ നിന്ന് വിഭിന്നമായി ചിന്തിക്കുക എന്നത് സമകാലിക സാഹചര്യത്തിൽ അത്യാവശ്യമായ കാര്യമാണ്. തൊഴിൽ അന്വേഷിച്ചു കണ്ടെത്തുക എന്നതിനേക്കാൾ സംരംഭകത്വം എന്ന കഴിവ് വളർത്തിയെടുക്കേണ്ടതുണ്ട്. അത്തരത്തിൽ പുതിയ സാധ്യതകൾ സ്വയം സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്.



**ഡോ. പി എൽ ജോസ്**
സീനിയർ മെഡിക്കൽ ഓഫീസർ (റിട്ട.)
തൊടുപുഴ ഈസ്ററ്

## ഭാവിയിലെ ആയുർവേദം ഔഷധ നിർമ്മാണ പരിഷ്ക്കരണം

ആയൂർവേദത്തിന്റെ മേന്മ എന്തെന്നു ചോദിച്ചാൽ പെട്ടെന്ന് കൂടുതൽ പേരിൽ നിന്നും ലഭിച്ചേക്കാനിടയുള്ള ഉത്തരം Reaction ഇല്ലാത്ത ചികിത്സ എന്നായിരിക്കും. ഇത് ആയുർവേദത്തിന്റെ ഒരു മേന്മയായി കണക്കാക്കാൻ കഴിയുമോ? കൃത്യമായ രീതിയിൽ പ്രയോഗിച്ചാൽ ഫലം കാണുന്ന ഔഷധം, തെറ്റായ രീതിയിൽ പ്രയോഗിച്ചാൽ പാർശ്വഫലങ്ങൾ ഉണ്ടാകണം. അല്ലാത്ത പക്ഷം പ്രസ്തുത മരുന്നിന്റെത് placebo effect ആണ് എന്നു കുരുതേണ്ടി വരും.

നിലവിലുള്ള ഔഷധ നിർമ്മാണ രീതിയിൽ ആയുർവേദ ഔഷധങ്ങൾക്ക് ആശുകാരിത്വം എന്ന ഗുണം തുലോം കുറവാണ്. മുൻ കാലങ്ങളിൽ (ആയൂർവേദം വ്യവസായവൽക്കരിക്കപ്പെടാത്ത അവസ്ഥയിൽ) ശുദ്ധമായ മരുന്നുകൾ ശേഖരിച്ച് രോഗി സ്വയമായി, വൈദ്യ നിർദ്ദേശാനുസരണം ഔഷധം ഉണ്ടാക്കിക്കഴിക്കുന്ന രീതിയുണ്ടായിരുന്നു. മായമില്ലാതെ മൂലികകൾ ശേഖരിക്കാൻ കഴിയുമായിരുന്നു. അരിഷ്ടാസവങ്ങൾ ശാസ്ത്രോക്തമായ രീതിയിൽ മണ്ണിനടിയിൽ കുഴിച്ചിട്ട് നിശ്ചിത ദിവസം കഴിഞ്ഞ് അരിച്ചെടുത്ത് ഉപയോഗിക്കുകയായിരുന്നു ചെയ്തിരുന്നത്. അതിനാൽത്തന്നെ ഔഷധങ്ങൾക്ക് ആശുകാരിത്വം എന്ന ഗുണവും ഉണ്ടായിരുന്നു. ദ്രാക്ഷാദികഷായയോഗം ഫാണ്ടം, ഹിമം എന്നീ കല്പനകളായി ഉപയോഗിക്കാനാണ് വിധി.

കൂടുതൽ തിളപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന ഹിതകരമല്ലാത്ത അംശങ്ങൾ ഔഷധത്തിലേക്കു സംക്രമിക്കാതിരിക്കാനാവണം ആചാര്യൻ ഇത്തരമൊരു നിർദ്ദേശം നൽകിയിരിക്കുന്നത്. മരുന്നിലെ ഔഷധഘടകങ്ങൾ എത്രമാത്രം സൂക്ഷ്മീകരിക്കാൻ (micronize) കഴിയുമോ, അത്രമാത്രം ഔഷധാഗിരണം (medicinal absorption) അധികമായിരിക്കും. ഇതിനുപറ്റിയ രീതിയിലുള്ള ചില നിർദ്ദേശങ്ങളാണ് വിദഗ്ധരുടെ പരിചിന്തനത്തിനായി സമർപ്പിക്കുന്നത്.

ഉദാഹരണമായി, ക്ഷീരബല(101) എന്ന ഔഷധം എടുക്കാം. ഇത് ശരീരത്തിനു പുറമേയ്ക്കും ഉള്ളിലേക്കും പ്രയോഗിക്കാൻ കഴിയുന്ന ഔഷധമാണ്. ഇത് ആന്തരിക ഉപയോഗത്തിൽ ആശുഫലം ലഭിക്കാനായി (micronize) ചെയ്യാൻ പറ്റുന്ന ഒരു ഫാർമ്മസ്യൂട്ടിക്കൽ രീതി അവതരിപ്പിക്കാം. Tritration എന്ന രീതിയാണിത്. 10 ഗ്രാം ക്ഷീരബല (101) തൈലം, 90 ഗ്രാം ശുദ്ധമായ പഞ്ചസാര പ്പൊടി (ഇതിന് ഹോമിയോപ്പതിയിൽ ഉപയോഗിക്കുന്ന milk of sugar ഉപയോഗിക്കാം) ചേർത്ത് ഖല്വത്തിലിട്ട് (mortar and pestle) അരയ്ക്കുക. Tritration എത്രനേരം, ഏതു പ്രകാരത്തിൽ എന്നിവ ഫാർമ്മസ്യൂട്ടിക്കൽ വിദഗ്ദ്ധരായ ആയൂർവേദ ഡോക്ടർമാർ ഗവേഷണവിഷയമാക്കേണ്ടതാണ്. ഇങ്ങനെ അരച്ചെടുക്കുന്ന മരുന്നിന്റെ Absorption level കൂടാൻ സാധ്യതയുണ്ട്. Blood brain barrier ഭേദിച്ച് രോഗകാരണങ്ങളായ

രാഗാദികളുടെ പ്രഭവസ്ഥാനങ്ങളിലും സൂക്ഷ്മധാതുക്കളിലും പ്രവേശിക്കാൻ എളുപ്പമാകും.

Water Soluble ആയിട്ടുള്ളവ അർക്കമായി തയ്യാറാക്കാം. Alcohol soluble ആയിട്ടുള്ളവ, ഹോമിയോ മരുന്നു നിർമ്മാണ രീതിയിൽ spirit ചേർത്ത് potentiate ചെയ്ത് (പ്രത്യേക വിധത്തിലുള്ള കുലുക്കൽ) ആശുകാരിത്വം കൂട്ടാൻ കഴിയും. അതേസമയം മാത്ര കുറക്കാനും സാധിക്കും. ഘൃതമെന്നത് blood brain barrier ഭേദിക്കുന്ന വിശിഷ്ടമായ ഒരു ഔഷധ കല്പനയാണ്. ഇതിലെ ഔഷധകണങ്ങൾ വളരെ സൂക്ഷ്മമാണ് എന്നതുകൊണ്ടാവാം 'സഹസ്ര വീര്യം വിധിഭിഃ ശൃതം കർമ്മ സഹസ്രകൃത്' എന്ന് ആചാര്യൻ പറഞ്ഞിരിക്കുന്നത്. ഘൃതം പാകപ്പെടുത്തി കുപ്പിയിലാക്കിയ ശേഷം കടയുന്ന രീതിയിലുള്ള ചലനം നൽകിയാൽ, അതിന്റെ ആഗിരണക്ഷമത കൂടാൻ സാധ്യതയുണ്ട്.

ഉചിതമായ സൂക്ഷ്മൗഷധങ്ങൾ ചേർത്തും ഈ കടച്ചിൽ നടത്താം. ഉദാഹരണമായി, ഡാഡിമാദിഘൃതം കല്യാണക്ഷാരം ചേർത്തോ, ധാന്വന്തരഘൃതം കന്മദഭസ്മം ചേർത്തോ ഇന്ദുകാന്തഘൃതം ശംഖഭസ്മം ചേർത്തോ ചെയ്യാൻ കഴിയും. ഉപയോഗ സൗകര്യത്തിനായി ക്യാപ്സ്യൂൾ രീതിയിലുമാക്കാവുന്നതാണ്. ഭസ്മങ്ങൾ, ക്ഷാരങ്ങൾ എന്നിവ സൂക്ഷ്മീകരിക്കപ്പെട്ട ഔഷധ നിർമ്മാണ രീതികളാണ്. ശരിയായ രീതിയിൽ ഭസ്മീകരിക്കപ്പെട്ട ഔഷധം വെള്ളത്തിനു മുകളിൽ പൊന്തിക്കിടക്കും. വിരൽ ചേർത്ത് അമർത്തിയാൽ വിരലിന്റെ സൂക്ഷ്മ രേഖകൾ പതിഞ്ഞിരിക്കും. മൂലധാതുവായി വീണ്ടും പരിവർത്തനം ചെയ്യാൻ കഴിയുകയില്ല.

ധാതുലവണങ്ങൾ കൂടുതലായി അടങ്ങിയിട്ടുള്ള മരുന്നുകൾ ക്ഷാരമാക്കി ഉപയോഗിച്ചാൽ വളരെ കുറച്ച് മാത്രമേ ആവശ്യമായി വരികയുള്ളൂ. വേഗത്തിൽ ആഗിരണം നടക്കും. ശരീരത്തിലെ pH level കൂട്ടാൻ സഹായകരമായിരിക്കും.

അരച്ചുരുട്ടിയ ഗുളികകൾ മുൻപറഞ്ഞ പോലെ പഞ്ചസാരപ്പൊടി ചേർത്ത് അരച്ച് സൂക്ഷ്മീകരിച്ച് ഉപയോഗിച്ചാൽ ആഗിരണം കൂടുതൽ മെച്ചമായിരിക്കും.

നാനോടെക്നോളജി, ബയോടെക്നോളജി, മോളിക്യുളാർ ബയോളജി തുടങ്ങിയ നവീന ശാസ്ത്രശാഖകളുടെ സഹായത്തോടെ ഔഷധ നിർമ്മാണ രീതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞില്ലെങ്കിൽ ആയുർവേദം ഭാവിയിൽ വൈദ്യശാസ്ത്രത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെടാനും Herbal medicines എന്ന പേരിലുള്ള ഒരു ഔഷധ നിർമ്മാണ രീതി മാത്രമായി പരിണമിക്കാനും സാധ്യതയുണ്ട്.

ആയുർവേദ മേഖലയിൽ അടുത്ത കാലത്ത് ഉണ്ടായിട്ടുള്ള പുരോഗതികൾ അധികവും, വ്യവസായ കേന്ദ്രികൃതങ്ങളാണ്. ആയുർവേദ ശാസ്ത്രതത്വങ്ങൾ കാലാനുസൃതമായി പുനർവ്യാഖ്യാനം ചെയ്യപ്പെട്ടുകാണുന്നില്ല. ഇത് ഒരു വലിയ പോരായ്മയാണ്. ഇതിനു വേണ്ടിയുള്ള ശ്രമങ്ങൾ കൂടുതലായി ഉണ്ടാവേണ്ടിയിരിക്കുന്നു. ഔഷധനിർമ്മാണ രംഗത്തും അക്കാദമികരംഗത്തും ഉണ്ടാകുന്ന പരിഷ്ക്കരണങ്ങൾ ആയുർവേദത്തിന്റെ സ്വീകാര്യത കൂട്ടുമെന്നതിനു സംശയമില്ല. ആയുർവേദ ചികിത്സയെന്നത് ആർക്കും ഏതു വിധത്തിലും പ്രയോഗിക്കാമെന്ന ധാരണയ്ക്ക് മാറ്റം വരികയും, ചികിത്സയ്ക്ക് വൈദഗ്ദ്ധ്യം ആവശ്യമാണെന്ന് വരികയും ചെയ്യുമെന്നതിനാൽ വ്യാജവൈദ്യം എന്ന ഭീഷണിയും കുറയാനിടയാകും.



**Dr Naveen Chandran Venkallil MD (Ay),**
ID-Osteopathy, CMO, Hecco technologies Inc.
(Nirva health)

# Telehealth: Status and prospects of Ayurveda

Consultations, awareness sessions and counselling-all done online; Ayurveda fraternity was on full swing during the COVID time like never before! During the difficult time of the pandemic, people around the globe had realised the benefit of connecting with a healthcare provider online from the comfort and safety of their own home. This has created a new paradigm in consumer approach to healthcare; which is still evolving in this post pandemic world.

Telehealth is the delivery of healthcare, health education, health information services and self-care via telecommu nications and digital communication technologies. Live video conferencing, mobile health apps, “store and forward” electronic transmission, and remote patient monitoring (RPM) are examples of technologies used in telehealth.

**Evolution**

Technologies like Zoom and Skype seem new, but actually, telemedicine - a branch of telehealth- has been around much longer than most people think-from the first half of the 20th century. In 1925, a cover of Science and Invention magazine showed a doctor diagnosing a patient by radio, and within envisioned a device that would allow for the video examination of a patient over distance.

Recent advancements in physiological monitoring have largely improved the scope of telehealth. Companies are developing wearable wireless devices that can combine an accelerometer, stethoscope, electrocardiogram, glucose monitors and other functions to collect data from continuous monitoring. This would help to bypass physical visits to laboratories in future.

The biggest need in home- and community-based care relates to chronic disease. In developed countries; chronic diseases account for the majority of healthcare expenditures. Traditionally, chronic disease has been managed through an episodic office-based model rather than a care management model, which uses frequent patient contact and regular physiologic measurement. Here, telehealth is gaining a competitive edge over conventional office-based health care. With telehealth technologies, patients are taking more control of their well-being. Educational videos, health management apps for mobile devices, and online health learning and support communities empower patients to manage chronic conditions, lose weight, increase physical activity levels, and gain emotional support.

**TeleAyurveda: healthcare across the state lines**

When it comes to the global reach; lack of awareness, high cost, long distance and regional regulations are some of the major challenges that Ayurveda faces. With the help of technology, telehealth can give wings to Ayurveda and fly beyond those boundaries.

**a) Support and education**

Studies show that self-management and educational support are essential for those with chronic diseases. Ayurvedic diet, lifestyle methods, home remedies with therapeutic yoga in chronic conditions are time tested for their effectiveness. The Internet, rather than physicians, is the first source of information for many people. Barriers to accessing education for chronic disease management may lead patients to seek information from sources that are not always reliable. By spreading reliable scientific information through authentic online platforms, Ayurveda telehealth can largely help to bridge this gap.

**b) Increasing cost and poor access**

In developed countries like the US and the UK, increasing cost or long waiting periods make timely health care services a distant dream for people suffering from chronic diseases. Covid has made life even worse for those people. Despite universal free healthcare access, waiting periods for a GP appointment in the UK ranges from 6 months to 2 years. High premium health insurance coverage is integral to access any healthcare service in the US. Ayurveda telehealth can offer populations with chronic disease unprecedented access to services, addressing the need for cost containment.

**c) Regional regulations**

When it comes to setting up or maintaining a physical centre; stringent rules and regulations in a developed country would make it difficult if not impossible for an Ayurveda service provider. Except for the delivery of physical therapies, virtual services have a huge advantage over the physical centres in overcoming regional regulations. Without having any additional licence, Ayurveda doctors can treat patients here, making use of their 'freedom of choice in healthcare' and deliver medicines online.

**Future of telehealth in wellness**

Investment in virtual care and digital health more broadly has skyrocketed, fueling further innovation, with 3X the level of venture capitalist digital health investment in 2020 than it had in 2017, making it a key part of the modern health care industry. The global telehealth market size is projected to expand at a compound annual growth rate (CAGR) of more than 30% from 2022 to 2028 that would be worth more than USD 600 Billion in 2028. Digital health had broken funding records in 2021 after new startups landed billions of dollars from angel investors. Among them wellness startups grew faster than all other digital health companies. This positive investor sentiment could be attributed to growing consumer spending on preventive health.

In the corporate sector, employers realise that telehealth is a beneficial, convenient, and cost-effective way to ensure employee health and productivity. Many global startups have evolved in traditional healthcare systems including Ayurveda to tap into this future health care market.

**Telehealth: Lessons from Traditional Chinese medicine (TCM)**

WeTherapy is a digital CM health and wellness platform established in Hong Kong in 2018 by its international founders. The platform expands the reach of CM with telehealth services, supports practitioners with AI-driven assistive diagnostic capabilities and provides individuals with one point of access to a comprehensive healthcare system. Technology such as tongue imaging tools help to capture and analyse various health signals based on a patient's tongue coating, shape and colour.

Invention of diagnostic tools for nadi pariksha and prakriti assessment, digital database on herbs etc. has opened a window into the future of technology research in Ayurveda as well. By incorporating them in a mobile application, Ayurveda doctors can provide diet, lifestyle tips, educational contents and therapeutic yoga on a telehealth platform.

**Wrapping Up**

Telehealth has been on the scene for quite a few years, even before the pandemic hit the face of the earth. It is no longer smart to ignore the potential and convenience that telehealth as a technology brings to the forefront for traditional healthcare. Telehealth technology can help Ayurveda to expand beyond its boundaries in preventive healthcare and management of chronic diseases.

---

**കവിത**

**പ്രമേഹത്തറവാട്**

ചരകന്റെ കാലത്തേയിവിടുള്ളതത്രേ
മധുരത്തിൻ പര്യായമായ വീട്
പ്രജ്ഞാപരാധത്തിൻ വള്ളികൾ മൂടിയ
നടുമുറ്റമുള്ള പഴയവീട്.
പടിപ്പുരവാതിൽ തുറക്കുമ്പോൾ തന്നെയാ
മധുരത്തിൻ മണമങ്ങൊഴുകിയെത്തും
പൊന്തിയവയറുള്ള ശോഷിച്ചകാലുള്ള,
ആഢ്യക്കിഴവനും മുന്നിലെത്തും.
മുറ്റത്തുതന്നെ നിരന്നുകിടപ്പുണ്ട്
അഞ്ചാറുവണ്ടികൾ ചന്തത്തിലായ്
നൂറടിപോലും നടക്കാൻമടിയുള്ള
നാലു ചെറുമക്കളുമ്മറത്തും.
തലമുറതോറും പകരുന്നതത്രേ
ജനിതകദോഷമാം ഈ പ്രമേഹം
വ്യായാമശീലം പകരാതിരുന്നതാ-
ണാദ്യത്തെന്യൂനത ആരറിയാൻ.
തെക്കിനിചായ്പ്പിലെ കഷായപ്പാത്രത്തിൽ
വറ്റിക്കുറുകുന്നു തിക്തഗന്ധം
കാറ്റിൽപ്പറക്കും പതിരുപോലുള്ളോരു
മധുമേഹമുത്തശ്ശിയുണ്ടവിടെ.
പത്രാസുകാരിയാം കൊച്ചമ്മയ്ക്കാവട്ടെ
കഷായശീലത്തിൽ തൃപ്തിയില്ല
ഇൻസുലിൻ സൂചിയും പോരാതെവന്നവർ
ഇൻസുലിൻപമ്പതു തേടിപ്പോയി.
മത്തൻ പടർന്നതൊടികളിലൊക്കെ -
യുമാഫ്രിക്കനൊച്ചു നിരങ്ങിടുന്നു
താനേ മുളച്ച തകരയും, താളുമോ
വാർദ്ധക്യമായി മരിച്ചിടുന്നു.

ഡോ. ശ്രീനി , ആലപ്പുഴ



**ഡോ. കെ. മുരളി**
ചീഫ്എഡിറ്റർ,
പ്രസിദ്ധീകരണവിഭാഗം
ആര്യവൈദ്യശാല,
കോട്ടയ്ക്കൽ

# കേരളത്തിലെ വൈദ്യസംബന്ധിയായ ഹസ്തലിഖിതശേഖരം – ഒരു അവലോകനം

ഹസ്തലിഖിതങ്ങൾ, അത് ശിലയിലോ, തുണിയിലോ താളിയോലയിലോ ആകട്ടെ, ഭൂതകാലവുമായുള്ള നമ്മുടെ വ്യവഹാരമാണ്. ചരിത്രം, ഭാഷ, സംസ്കാരം, സമൂഹം എന്നിവയെ കുറിച്ചുള്ള പഠനങ്ങളിലൊക്കെ ഹസ്തലിഖിതരേഖകൾ പ്രസക്തമാകുന്നു. എഴുത്തുവിദ്യയെന്ന നാഴികക്കല്ലിൽ എത്തിച്ചേർന്ന മനുഷ്യ സംസ്കാരത്തിന്റെ രേഖകൾ കൂടിയാണ് ഹസ്തലിഖിതങ്ങൾ. അറിവ് വീണ്ടും വായിക്കത്തക്കവണ്ണം സൂക്ഷിക്കുവാനാകുക എന്നത് വലിയൊരു മാറ്റമാണ്. ചരകസംഹിതയിൽ ആ മുഹൂർത്തം കാവ്യാത്മകമായി വർണിക്കപ്പെട്ടിരിക്കുന്നു. രേഖയിലാകുമ്പോൾ വീണ്ടും വായിക്കുവാനും മറ്റൊരാൾക്ക് കൈമാറാനുമുള്ള സൗകര്യങ്ങൾ അറിവിനെ വിപുലമാക്കുന്നു. വൈവിധ്യമുള്ള വാമൊഴികൾ വരമൊഴിയിലെത്തുമ്പോൾ ഒരു ക്രോഡീകരണം തന്നെയാണ് നടക്കുന്നത്.

കേരളത്തിൽ താളിയോലയിലാണെങ്കിൽ ഉത്തരേന്ത്യയിൽ പെരുമരത്തിന്റെ തൊലിയിലാണ് ഹസ്തലിഖിതങ്ങൾ. ക്രിസ്തുവിന് മൂന്ന് നൂറ്റാണ്ടു മുമ്പെങ്കിലും ഈ എഴുത്തുപ്രക്രിയ ആരംഭിച്ചുകാണും. ബുദ്ധന്മാരാകാം തുടക്കം കുറിച്ചത് എന്നു കരുതുന്നവരുണ്ട്. നേപ്പാളിലുള്ള ശൈവാഗമങ്ങളുടെ രേഖകളും വളരെ പഴക്കമുള്ളവയാണ്. ഇപ്പോൾ ലഭ്യമായ താളിയോലകളിൽ ഏറ്റവും പഴയത് ഒമ്പതാം നൂറ്റാണ്ടിലേതാണ്. നമ്മുടെ ഗ്രന്ഥപ്പുരകളിൽ ഏറെയും അവശേഷിക്കുന്നത് പത്താം നൂറ്റാണ്ടിലോ അതിനു ശേഷമോ ഉള്ള ഓലകളത്രെ.

അക്ഷരജ്ഞാനം വന്നുചേർന്നിട്ടും അത് ഉടനെയൊന്നും വിദ്യാഭ്യാസമേഖലയിലേക്ക് വ്യാപിച്ചില്ല. ഭരണപരമായ കാര്യങ്ങൾക്കും രാജകീയവിജ്ഞാപനങ്ങൾക്കുമായി മാത്രം അത് വിനിയോഗിക്കപ്പെട്ടു. അദ്ധ്യാപനം വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്ക് മാറാൻ മടി കാണിച്ചു. പഠിച്ചത് എഴുതി സൂക്ഷിക്കാൻ വിദ്യാർത്ഥികൾ ആദ്യം ഉപയോഗിച്ചുതുടങ്ങിയത് പിന്നെ വീണ്ടും വായിക്കുവാനും പഠിക്കുവാനും ഉപയോഗിച്ചിട്ടുണ്ടാകണം. പോർച്ചുഗീസുകാരും ഡച്ചുകാരും കേരളത്തിൽ അച്ചടിശാലകൾ പതിനാറാം നൂറ്റാണ്ടോടെ തുടങ്ങിയെങ്കിലും അതൊന്നും അത്ര വ്യാപകമായില്ല. കടലാസ് ഒരു ദുർലഭവസ്തുവായിരുന്നു. ജാതകവും മരുന്നുകുറിപ്പടികളും ഓലകളിൽ തന്നെ തുടർന്നു, ഒരു ആചാരമെന്ന നിലയിലും.

ജ്ഞാനപാരമ്പര്യത്തിന് വന്ന വിഛേദം താളിയോലകളെ അനാവശ്യവസ്തുക്കളാക്കി. അശ്രദ്ധയും അവഗണനയും മറ്റും അവയുടെ വിനാശത്തിലേക്ക് വഴിതെളിച്ചു. കാഴ്ചവസ്തുവും പ്രാചീനവസ്തു (antique) വുമായി ചിലതൊക്കെ രക്ഷപ്പെട്ടു. പാരമ്പര്യത്തിന്റെ പേരിൽ ചിലരതിനെ പട്ടിൽ പൊതിഞ്ഞുവെച്ചു. വൈകിയെത്തിയ തിരിച്ചറിവിൽ ഇന്ന് അവയെ കാത്തുസൂക്ഷിക്കുന്നതിനുള്ള ഏർപ്പാടുകൾ വന്നിരിക്കുന്നു.

ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ഹസ്തലിഖിത ശേഖരമുള്ള സ്ഥലമായി കേരളം കണക്കാക്കപ്പെടുന്നു. അതിൽ ഏഴ് ശതമാ നം മാത്രമാണ് പകർത്തിയെഴുതപ്പെട്ടും അച്ചടിച്ചിട്ടുമുള്ളത്. 1995-97 കാലത്ത് പ്രശസ്ത പണ്ഡിതൻ പ്രൊഫ. കെ.വി. ശർമ്മയുടെ നേതൃത്വത്തിൽ തമിഴ്നാട്ടിലേയും കേരളത്തിലേയും ഒന്നരലക്ഷത്തോളം താളിയോലകൾ എണ്ണിതിട്ടപ്പെടുത്തിയിട്ടുണ്ട് എന്ന വസ്തുത ഈ രംഗത്തുള്ള ഗവേഷണപഠനങ്ങളുടെ ആവശ്യകതയെ സൂചിപ്പിക്കുന്നു. സ്വകാര്യശേഖരങ്ങൾ പലതും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നാഷണൽ മാനുസ്ക്രിപ്റ്റ് മിഷന്റെ (NAMAMI) ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകയ്യെടുത്തു വ്യാപകമായ സർവേ നടത്തിയിട്ടുണ്ട്. അതും പൂർണമായെന്ന് തോന്നുന്നില്ല. സർവകലാശാലകളും സ്ഥാപനങ്ങളും വ്യക്തികളും എല്ലാം തന്നെ ഈ രംഗത്ത് മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

സംസ്കാരപഠനത്തിന്റെ ഒരു ഉപാധി തന്നെയാണ് താളിയോലകൾ. സമൂഹത്തിന്റെ വിവിധകാലഘട്ടങ്ങളുടെ പരിഛേദമാണ്, ആ ലിഖിതങ്ങൾ. അതാതു കാലത്തെ മനുഷ്യരുടെ ജീവിതരീതിയും പെരുമാറ്റവും ചിന്താഗതിയും അവയിൽ പ്രതിഫലിക്കുന്നു. ഭാഷയുടെ വികാസ പരിണാമങ്ങൾക്ക് സാക്ഷിയാണ് ഓരോ താളിയോലക്കെട്ടും. എഴുത്തുവിദ്യയെപ്പറ്റി തുടക്കത്തിൽ സൂചിപ്പിച്ചല്ലോ. ലിപിയുടെ രൂപാന്തരങ്ങൾക്കും ഹസ്തലിഖിതങ്ങൾ സാക്ഷ്യം വഹിച്ചു. ഗ്രന്ഥാക്ഷരം തന്നെ ഉദാഹരണം. നാലാം നൂറ്റാണ്ട് മുതൽ പതിനാലാം നൂറ്റാണ്ട് വരെ വിവിധ ഭാഷകളെഴുതാൻ ഉപയോഗിച്ചിരുന്ന ഈ ലിപിയുടെ വട്ടെഴുത്തും മലയാള അക്ഷരവുമായുള്ള പരിണാമങ്ങൾ താളിയോലകളിൽത്തന്നെ വേണം നേരിട്ടു കാണുവാൻ. അത്തരത്തിലുള്ള ഗവേഷണങ്ങൾക്കും സാധ്യത നൽകുന്നു, ഈ മേഖല. അതുപോലെതന്നെ സാഹിത്യത്തിന്റെ കാര്യവും. മണിപ്രവാളത്തിന്റെ ആദിരൂപങ്ങൾ ഓലകളിലാണല്ലോ ദൃശ്യമാകുക. സാഹിത്യത്തിനപ്പുറം വൈദ്യം, ജ്യോതിഷം തുടങ്ങിയ മേഖലകളിലും മണിപ്രവാളം എങ്ങിനെയുപയോഗിച്ചു എന്ന അന്വേഷണം ഹസ്തലിഖിതങ്ങളിലാണ് എത്തിച്ചേരുക.

ഒരു ഗ്രന്ഥം അച്ചടിക്കപ്പെട്ടെങ്കിലും, വ്യാപകമായി പ്രചരിച്ചെങ്കിൽപ്പോലും, അതിന്റെ പാഠഭേദങ്ങൾ താളിയോലകളിൽ കണ്ടെത്തുന്നത് കേവലകൗതുകമല്ല; അർത്ഥവത്തായ ഒരു അന്വേഷണം തന്നെയാണ്. നാടിന്റെ വിവിധഭാഗങ്ങളിൽ ഒരു പുസ്തകത്തിന്റെ വ്യത്യസ്തപാഠങ്ങൾ കണ്ടെന്നുവരാം. പാഠഭേദങ്ങൾക്ക് പ്രസക്തമായ വേറൊരു അർത്ഥം നൽകാനായി എന്നും വരാം. ശാസ്ത്രീയമായ അറിവുകൾ, കണ്ടെത്തലുകൾ, പേറ്റന്റ് ചെയ്യപ്പെടുക എന്നത് ആഗോളീകരണത്തിന്റെ ഒരു പ്രതിലോമതയാണല്ലോ. പ്രത്യേകിച്ചും ഔഷധ മേഖലയിൽ ഇതൊരു പ്രശ്നം തന്നെയാണ്. സാമൂഹികമായ, പൊതുവായ അറിവുകൾ പോലും വാണിജ്യപരതയോടെ കൈവശപ്പെടുത്തുന്ന അനുഭവങ്ങളുണ്ട്. ഇതിനെ ചെറുക്കാനുള്ള മാർഗം ഇവ സമൂഹത്തിന്റെ സമ്പത്താണെന്ന് സാധിച്ചെടുക്കുകയാണ്. ഇതിന് ഹസ്തലിഖിതങ്ങൾ സഹായിച്ചേക്കാം.

കേരളത്തിലെ കയ്യെഴുത്തുരേഖകളിൽ വൈദ്യവുമായി ബന്ധപ്പെട്ടവയുടെ ഒരു വിഹഗാവലോകനമാണ് ഇവിടെ നടത്തുന്നത്.

സമഗ്രമായ അന്വേഷണത്തിന്റെ പശ്ചാത്തലം ഈ കുറിപ്പിനല്ല എന്ന് പറഞ്ഞുകൊള്ളട്ടെ. എങ്കിലും ആശ്രയിച്ച കാറ്റലോഗുകൾ പ്രാതിനിധ്യസ്വഭാവമുള്ളവയാണെന്ന് കരുതുന്നു.

മൂലഗ്രന്ഥങ്ങൾ, വ്യാഖ്യാനങ്ങൾ, വിവർത്തനങ്ങൾ, തുടർഗ്രന്ഥങ്ങൾ എന്ന് വൈദ്യ ഹസ്തലിഖിതങ്ങളെ വിഭജിക്കാം. മൂലഗ്രന്ഥങ്ങളിൽ മുഖ്യമായത് അഷ്ടാംഗഹൃദയം തന്നെ. പത്ത് – പന്ത്രണ്ട് നൂറ്റാണ്ടോടെയാകാം, സംസ്കൃതഭാഷയിലുള്ള വൈദ്യം അഷ്ടാംഗഹൃദയത്തിലൂടെ കേരളത്തിലേക്ക് വന്നത്. ഇന്ന് പാകിസ്ഥാനിലുള്ള സിന്ധുദേശത്ത് ജനിച്ചുജീവിച്ച വാഗ്ഭടനാണ് ഈ ഗ്രന്ഥം രചിച്ചത്. എ.ഡി അഞ്ച് – ആറ് നൂറ്റാണ്ടുകളിലാണ് അദ്ദേഹത്തിന്റെ കാലം. ശിഷ്യപ്രശിഷ്യരിലൂടെ അഷ്ടാംഗഹൃദയം പ്രചാരംനേടി. സമഗ്രതയും സംക്ഷിപ്തതയും കൊണ്ടും അത് കേരളീയ വൈദ്യന്മാരെ ആകർഷിച്ചു. ചരകസംഹിത, സുശ്രുതസംഹിത എന്നിവയേക്കാൾ മലയാളത്തിലെ ചികിത്സാരീതിക്ക് അടിത്തറയാകുകയും ചെയ്തു. ഈ നാട്ടിൽ പ്രചരിച്ചിരുന്ന ചികിത്സയിലെ നാട്ടറിവുകൾ ക്രമീകൃതമാക്കിയെടുക്കാനും അഷ്ടാംഗഹൃദയം സഹായകമായി. കേരളത്തിലെ താളിയോലശേഖരത്തിലെ വൈദ്യഗ്രന്ഥങ്ങളിൽ എണ്ണത്തിൽ ഏറ്റവും കൂടുതൽ അഷ്ടാംഗഹൃദയമാണെന്ന് കാണാം. ഇന്നും അത് പഠനപാഠനങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നു.

അഷ്ടാംഗഹൃദയത്തിന്റെ ഹസ്ത ലിഖിതങ്ങൾ രണ്ടു തരത്തിലുണ്ട്. പൂർണമായതും അപൂർണമായതും. ഇതിൽ രണ്ടാമത്തേത് പാതിവഴിയ്ക്ക് ഉപേക്ഷിച്ച യത്നങ്ങളല്ല. ആവശ്യമുള്ളത് മാത്രം പകർത്തിയതാണ്. ഉദാഹരണത്തിന് ദ്രവദ്രവ്യവിജ്ഞാനീയം എന്ന സൂത്രസ്ഥാനത്തെ അഞ്ചാമധ്യായം മാത്രമുള്ള ധാരാളം താളിയോലകളുണ്ട്. വെള്ളം, പാൽ, എണ്ണ തുടങ്ങി ദ്രവരൂപത്തിലുള്ള ഔഷധാഹാരങ്ങളുടെ ഗുണങ്ങൾ വിസ്തരിക്കുന്ന ആ ഭാഗം ഒരു പൊതുവിജ്ഞാനത്തിന്റെ കൂടി ഭാഗമായിരുന്നിരിക്കാം. ഈ അധ്യായത്തിന്റെ ഈ രീതിയിലുള്ള വ്യാപനമാണോ ഗുണപാഠമെന്ന മലയാളത്തിലുള്ള ലഘു ഗ്രന്ഥത്തിന്റെ ഉല്പത്തിയ്ക്കും കാരണമായത് എന്നും അന്വേഷിക്കാവുന്നതാണ്. കേരളീയമായ നേത്രചികിത്സാ പാരമ്പര്യത്തെ ചിട്ടപ്പെടുത്താനുള്ള ശ്രമമായിരിക്കാം ആശ്ച്യോതനാഞ്ജന വിധിയുടേയും മറ്റും പകർപ്പുകൾ. നേത്രത്തിൽ ചെയ്യുന്ന ക്രിയാക്രമങ്ങളാണവ. അതുപോലെതന്നെയാണ്, ശിരോരോഗചികിത്സ എന്ന ഓലപ്പകർപ്പുകളുടേയും കാര്യം. ഇങ്ങിനെ ഒരു പ്രത്യേകഭാഗം മാത്രമെടുത്ത് പകർത്തി അർത്ഥവിവരണത്തോടെ എഴുതിയുണ്ടാക്കിയ ഹസ്തലിഖിതങ്ങൾ കേരളത്തിൽ വൈദ്യരംഗത്ത് വികസിച്ചുവന്ന വിശേഷജ്ഞാന (specialisation) ന്റെ സൂചകങ്ങൾ കൂടിയാണ്. അഷ്ടാംഗഹൃദയത്തോടൊപ്പം ഇവയിലെ നാട്ടറിവുകളുടെ അംശങ്ങളും അന്വേഷണവിധേയമാക്കാവുന്നതാണ്.

വൈദ്യവിഷയങ്ങളുള്ള താളിയോലകളെല്ലാം എഴുതപ്പെട്ട ഭാഷ സംസ്കൃതമാണെങ്കിൽ പോലും മലയാളലിപിയാണെന്നത് ശ്രദ്ധേയമാണ്. അച്ചടിയിലും എഴുത്തിലും അടുത്തകാലം വരെ തുടർന്നുവന്ന പ്രവണതയാണല്ലോ, അത്. താളിയോലയിലുള്ള എഴുത്തിന് അനുയോജ്യമായത്, അനായാസമായി കുറിക്കാവുന്നത് ഭാഷാലിപി തന്നെയാണ് എന്നതാകാം അതിന് കാരണം.



രാഘവൻ തിരുമുല്പാടിന്റെ ഗ്രന്ഥശേഖരം കൈമാറുന്നു

അഷ്ടാംഗഹൃദയത്തിന്റെ പൂർണരൂപത്തിലുള്ള താളിയോലകൾ ആ ഗ്രന്ഥത്തിന്റെ കേരളീയമായ പാഠത്തെ കണ്ടെത്താൻ സഹായിക്കുന്നു. വടക്കെഇന്ത്യയിലും മഹാരാഷ്ട്രയിലും എല്ലാം വ്യത്യസ്തമായ പാഠങ്ങളാണ്, ഉള്ളത്. കേരളത്തിൽ തന്നെ വെവ്വേറെ പാരമ്പര്യങ്ങളിലോ ഉത്തര ദക്ഷിണദിക്കുകളിലോ പാഠഭേദങ്ങളുണ്ടോയെന്ന് അന്വേഷിക്കാവുന്നതാണ്.

മൂലഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളാണ്, മറ്റൊരു ശേഖരം. കേരളീയമായ അഷ്ടാംഗഹൃദയത്തിന്റെ വ്യാഖ്യാനങ്ങൾ തന്നെ ധാരാളമുണ്ട്. ചരകം, സുശ്രുതം എന്നിവയേക്കാളൊക്കെ കൂടുതൽ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുള്ളത് അഷ്ടാംഗഹൃദയത്തിനാണ്. പലതും പ്രസിദ്ധീകൃതമാണ്. നഷ്ടപ്പെട്ടുപോയവയും താളിയോലകളിലും കലൊസുരേഖകളിലുമായിക്കിടക്കുന്നവയും ഉണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അരുണദത്തൻ എഴുതിയ സർവാംഗസുന്ദരീ എന്ന് പേരുള്ള വ്യാഖ്യാനം ഇന്ത്യയിലെല്ലാമിടത്തുമെന്നപോലെ കേരളത്തിലും പ്രചാരത്തിൽ വന്നു. ഇതിന്റെ താളിയോലകളും ഇവിടെ ലഭ്യമാണ്. കേരളീയവ്യാഖ്യാനങ്ങളെ ഈ കൃതി ഗണ്യമായിത്തന്നെ സ്വാധീനിച്ചിട്ടുണ്ട്. സുന്ദരി എന്ന് മാത്രമായും കേരളീയ വൈദ്യന്മാർ ഈ വ്യാഖ്യാനത്തെ വിളിക്കാറുണ്ട്. അരുണദത്തന്റെ ഈ രചന കേരളീയവൈദ്യന്മാർക്കിടയിൽ വിമർശനങ്ങൾക്കും വിധേയമായിട്ടുണ്ട് എന്നതും മറ്റൊരു വസ്തുതയാണ്. ആദ്യകാലത്തുതന്നെ കേരളത്തിൽ ലഭ്യമായിരുന്ന ഈ വ്യാഖ്യാനത്തിന് കേരളീയമായ ഒരു പാഠമുണ്ട് എന്നും പറഞ്ഞുകേൾക്കുന്നു. ഇതും ഒരു ഗവേഷണവിഷയമാക്കാവുന്നതാണ്.

ഹൃദയബോധിക, പാഠ്യാ, കൈരളി, വാക്യപ്രദീപിക, വ്യാഖ്യാസാരം, അന്വയമാല, ബൃഹത്പാഠ്യാ, ഹൃദ്യ, ഹാടകവ്യാഖ്യാ എന്നിവയാണ് അറിയപ്പെട്ടിട്ടുള്ള സംസ്കൃതത്തിൽ രചിക്കപ്പെട്ട കേരളീയമായ അഷ്ടാംഗഹൃദയവ്യാഖ്യാനങ്ങൾ. ഇതിൽ ആദ്യത്തെ നാലെണ്ണം മാത്രമേ അച്ചടിക്കപ്പെട്ടിട്ടുള്ളൂ. ഹാടകന്റേത് കണ്ടെടുക്കപോലും ചെയ്തിട്ടില്ല. പേരില്ലാത്തതും തിരിച്ചറിയാത്തതുമായ സംസ്കൃത വ്യാഖ്യാനങ്ങൾ ഇനിയും കണ്ടേയ്ക്കാം. സംസ്കൃതവ്യാഖ്യാനങ്ങളിലെ കൗതുകകരമായ ഒരു പ്രത്യേകത, ഔഷധസസ്യങ്ങൾക്കും മലയാളവാക്കുകൾ നൽകുന്നു എന്നതാണ്. ചിലതാകട്ടെ ശരീരാവയവങ്ങൾക്കും കൊടുക്കുന്നുണ്ട് മലയാളത്തിൽ അർത്ഥം. ഹൃദ്യ പോലെ ചില വ്യാഖ്യാനങ്ങൾ കടലാസിൽ എഴുതിയതായും ഉണ്ട്.

ലേഖനത്തിന്റെ അടുത്ത ഭാഗം ആപ്ത
ജനുവരി ലക്കത്തിൽ

Ayurveda First

# Celebrating her freedom

Tila Kwatha Granules
On date. On time.




Ayurvedic solution for menstrual irregularities.
An effective solution for Amenorrhea, Dysmenorrhea and PCOD.

ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM
Since 1941

**Vaidyaratnam Oushadhasala Pvt. Ltd.,**
Vaidyaratnam Road, Ollur, Thaikkattussery P.O, Thrissur, Kerala - 680 306, Tel: 0487 2432732,
mail@vaidyaratnammooss.com | www.vaidyaratnammooss.com

Manufacturing I Marketing I Exports I Hospitals I Treatment Centres I Ayurveda College I Research & Development I Herbal Gardens
Publications I Ayurveda Museum

# NO COMPROMISE ON



# IMMUNITY




**immuno tone**

Immunity Against Viral Diseases

**weltone**

A Health Tonic for the Complete Family




**Ingredients** : Gudoochi, Mustha, Parpataka, Sundi, Dhaanyaka, Thulasi, Chiruvilva, Devadara, Khandasita.

**Benefits** : Immunity booster and rejuvenative, Anti-pyretic properties, Anti-inflammatory, Anti-viral, Good in respiratory tract infections, Hepato-protective, Improves body metabolism, Controls Nausea and morning sickness, Good for children and infants.

**Ingredients** : Ashwagandha, Shatavari, Amalaki, Vidari, Musali, Sita.

**Benefits** : Effective in weakness, fatigue etc., Improves vitality and rejuvenative, Improves respiratory health, Useful in Gastric problems, Supports lactation, Reduces menopause related issues, Good for children and infants.

For use of Regd. Medical Practitioners only.

Since 1920

Ashtavaidyan Thrissur Thaikat Mooss'
SNA OUSHADHASALA PRIVATE LIMITED

Moosspet Road, East Fort,
Thrissur, Kerala - 680 005
T: 0487-2420948, 2441948
mail@thaikatmooss.com
www.thaikatmooss.com

The Arya Vaidya Pharmacy (Coimbatore) Limited



Founder
Arya Vaidyan
P V Rama Varier

# കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി

പൗരാണികവൈദ്യ ശാസ്ത്രത്തെ ആധുനിക കാലത്തേക്ക്
ഫലപ്രദമായി സന്നിവേശിപ്പിച്ച ഉത്തമ സ്ഥാപനം
എ. വി. പി - ആയുർവേദം, പൂർണ്ണതയോടെ.



**Treat your patients with Authentic Ayurveda Formulations from the house of AVP**

**For Franchise & Agency Enqueries**
**1800 425 1522**




**The Arya Vaidya Pharmacy (Coimbatore) Limited**
MEDICINES / TREATMENTS / HOSPITALS / EXPORTS / EQUIPMENTS/ EDUCATION / RESEARCH
www.avpayurveda.com / shop.avpayurveda.com

## ആയുർവേദത്തിന് പുത്തൻ പ്രതീക്ഷകൾ നൽകി വേൾഡ് ആയുർവേദ കോൺഗ്രസ്

ഒമ്പതാമത് വേൾഡ് ആയുർവേദ കോൺഗ്രസ് 2022 ഡിസംബർ 8 മുതൽ 11 വരെ ഗോവ പഞ്ജിം കല അക്കാദമിയിൽ വച്ച് നടന്നു. നാല്പതിൽ അധികം രാജ്യങ്ങളിൽ നിന്ന് നാലായിരത്തിൽ അധികം പ്രതിനിധികളും മുന്നൂറോളം ആയുർവേദ കമ്പനികളും പങ്കെടുത്തു. വിജ്ഞാൻ ഭാരതിയും കേന്ദ്ര ആയുഷ് വകുപ്പും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ഇതോടാനുബന്ധിച്ചു നടന്ന അന്താരാഷ്ട്ര ആരോഗ്യ എക്സ്പോ വലിയ രീതിയിൽ ജനശ്രദ്ധ നേടി. ആയുർവേദ ഫോർ വൺ ഹെൽത്, പാൻഡെമിക് ലെസ്സൺസ് ഫോർ ഫ്യൂചർ ആയുർവേദ റിസർച്ച് തുടങ്ങി ആറോളം പ്ലീനറി സെഷൻസും, RAV ഗുരു ശിഷ്യ സംഗമം, പശു ആയുർവേദ (മൃഗായുർവേദ) ത്തെക്കുറിച്ചുള്ള അന്താരാഷ്ട്ര കോൺക്ലാവ്, NCISM പ്രിൻസിപ്പൽ കോൺക്ലേവ്, NMPB ഔഷധ സസ്യ സെമിനാർ, WHO കോൺക്ലേവ് ഓൺ ട്രെഡിഷണൽ മെഡിസിൻ ഇൻ സൗത്ത് ഏഷ്യ റീജിയൺ, ഷോർട് ഫിലിം ഫെസ്റ്റി വൽ, ഐഡിയ ബാങ്ക്, ഫാർമക്കോ വിജിലൻസ് സെമിനാർ എന്നിവ വേറിട്ട അനുഭ വമായി. സമാപന സമ്മേളനം ഡിസംബർ 11 ന് പ്രധാന മന്ത്രി ശ്രീ.നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. എ.എം.എ.ഐയും പരിപാടിയിൽ ഉടനീളം സഹകരിച്ചു. കേരളത്തിൽ നിന്ന് നിരവധി ഡോക്ടർമാർ നാല് ദിവസം നീണ്ടുനിന്ന ആയുർവേദ



Image Courtesy; The Hindu daily

PM Modi attends valedictory session of 9th world ayurveda congress Goa

## പൊതുജനാരോഗ്യ ബില്ല് കരട് സിറ്റിങ്ങും ചർച്ചയും

പൊതുജനാരോഗ്യ ബില്ല് കരട് സിറ്റിങ്ങും ചർച്ച യും നിയമസഭയിൽ നടന്നു. എ.എം.എ.ഐ സംസ്ഥാന പ്രസിഡന്റ് ഡോ. സി.ഡി ലീന സംഘടനയെ പ്രതിനിധീകരിച്ചു വളരെ വ്യക്തമായി വിഷയാവതരണം നടത്തുകയും, ആരോഗ്യ വകുപ്പ് മന്ത്രി മാതൃകാപരമായ വിഷയാവതരണം എന്ന് സൂചിപ്പിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ് മന്ത്രിക്കും കൂടാതെ സെലക്ട് കമ്മിറ്റി അംഗങ്ങളായ ശ്രീ. ജയരാജ് എം.എൽ എ, ശ്രീ മാത്യു ടി.തോമസ് എം.എൽ.എ, ശ്രീ കെ.എ മജീദ് എം.എൽ.എ, ശ്രീ. സുജിത് വിജയൻ പിള്ള എം.എൽ.എ , ശ്രീ.ഇ.കെ വിജയൻ എം.എൽ.എ എന്നിവർക്കും നിവേദനം നൽകി .





## മിനിമം വേജസ് അഡ്വൈസറി ബോർഡ്

മിനിമം വേജസ് അഡ്വൈസറി ബോർഡ് (20.11.2022) മുൻ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. പി.കെ ഗുരുദാസന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. എ.എം.എ.ഐയെ പ്രതിനിധീകരിച്ച് ഡോ. സി.ഡി ലീന (പ്രസിഡന്റ് എ.എം.എ.ഐ), ഡോ.അജിത് വി (പ്രസിഡന്റ് എ.എം.എ.ഐ തിരുവനന്തപുരം) എന്നിവർ പങ്കെടുത്തു. ആയുവേദ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചു.



കുടുംബത്തിനൊരു സുരക്ഷയേകു...

സുഹൃത്തുക്കൾക്കൊരു കൈത്താങ്ങാകു..

ASWAS PLUS

# എ.എം.എ.ഐയുടെ
# കുടുംബസുരക്ഷാ പദ്ധതി
# ആശ്വാസ് പ്ലസ്

പ്രിയപ്പെട്ട ഡോക്ടർ,
മാറിവരുന്ന ജീവിത സാഹചര്യങ്ങളും, ആധുനിക ലോകത്തിലെ സുരക്ഷിതത്വമില്ലായ്മയും കണക്കിലെടുക്കുമ്പോൾ നമ്മുടെ ഇപ്പോഴുള്ള ആശ്വാസ് സ്കീമിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒരു കുടുംബത്തിന് ഒരാപത്തിൽ വളരെ പരിമിതമാണ്. ഈ അവസരത്തിൽ നമ്മുടെ കുടുംബത്തിനും, സുഹൃത്തുക്കൾക്കും കൂടുതൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ഇപ്പോൾ ഉള്ള ആശ്വാസ് സ്കീമിന് സമാന്തരമായി ആശ്വാസ് പ്ലസ് എന്ന ഒരു സ്കീം കൂടി ലഭ്യമാണ്.

## പ്രത്യേകതകൾ

കുടുംബത്തിനൊരു സുരക്ഷ, കൂടെയുള്ളവരുടെ കുടുംബത്തിന് ആപത്തിൽ ഒരു സഹായം.
അംഗങ്ങൾ കൂടുന്നതിനനുസരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ.
വളരെ പെട്ടെന്ന് (ഒരാഴ്ചക്കുള്ളിൽ) ആനുകൂല്യം വീട്ടിലെത്തിക്കുന്നു.
സ്കീമിലെ തുക മറ്റൊരാവശ്യങ്ങൾക്കും വിനിയോഗിക്കപ്പെടുന്നതല്ല.

## അംഗത്വം, ഫീസ്, വാർഷിക വരിസംഖ്യ

എ.എം.എ.ഐയിൽ അംഗമായ 55 വയസ്സിൽ താഴെയുള്ള ഏതൊരാൾക്കും സ്കീമിൽ അംഗമാകാം.
ആദ്യമായി ചേരുന്ന ഒരു വ്യക്തി അംഗത്വഫീസായ (ഒറ്റത്തവണ അടയ്ക്കേണ്ടത്) 1000 രൂപാ മുതൽ 3000 രൂപാ വരെയുള്ള തുകയും വാർഷിക വരിസംഖ്യയായ 300 രൂപയും (വർഷാവർഷം അടക്കേണ്ടത് അടക്കണം)

| | | |
|---|---|---|
| 30 വയസ്സു വരെ | - | 1000.00 രൂ. |
| 30 മുതൽ 40 വയസ്സു വരെ | - | 1500.00 രൂ. |
| 40 മുതൽ 50 വയസ്സു വരെ | - | 2000.00 രൂ. |
| 50 മുതൽ 55 വയസ്സു വരെ | - | 3000.00 രൂ. |
| 300 രൂപയാണ് വാർഷിക വരിസംഖ്യ. | | |

സ്കീമിൽ അംഗമായ ഒരു വ്യക്തി പ്രതിവർഷം അടയ്ക്കേണ്ട തുക 300 രൂപാ വാർഷിക വരിസംഖ്യയ്ക്കുപുറമെ പോയ വർഷം സ്കീമിലുള്ള എത്ര അംഗങ്ങളുടെ കുടുംബത്തിന് ആനുകൂല്യം ലഭിച്ചുവോ ഓരോ ക്ലെയിമിനും 200 രൂപ പ്രകാരം (ബെനഫിറ്റ് തുക) അടക്കണം.

## വിശിഷ്ടാംഗത്വം

തുടർച്ചയായി 25 വർഷം സ്കീമിൽ തുടരുന്ന ഒരാൾക്ക് വിശിഷ്ടാംഗത്വ പദവി ലഭിക്കും. അദ്ദേഹം പിന്നീട് വാർഷികവരിസംഖ്യയായ 300 രൂപ അടയ്ക്കുകയും എ.എം.എ.ഐ മെമ്പർഷിപ്പ് നിലനിർത്തുകയും ചെയ്താൽ സ്കീമിന്റെ എല്ലാ ആനു കൂലങ്ങളും ലഭിക്കുന്നതാണ്. ബെനഫിറ്റ്


അന്വേഷണങ്ങൾക്ക്

| ഡോ അനീഷ് നൂറനാട് | ഡോ രജിത് ആനന്ദ് | ഓഫീസ് സെക്രട്ടറി (ആശ്വാസ് പ്ലസ്) |
|---|---|---|
| 9496433691 | 9207747470 | 8089993350 |


Watch
ASWAS PLUS
a Solace for
AYURVEDA
DOCTORS




# Start
## a new life

### FEDERAL HOME LOANS

- 30 - year payback tenure*
- Flexible repayment to save on interest
- Home Plus loans on attractive terms

* Conditions apply

24x7 1800 420 1199
1800 425 1199
+91 484 2630994/5 (NRI)

www.federalbank.co.in



HOUSE OF AUTHENTIC AYURVEDA
Kottakkal ayurveda
www.aryavaidyasala.com
shop.aryavaidyasala.com
ആയുർവേദത്തിന്റെ സാന്ത്വനസ്പർശം
▸ NABH അംഗീകാരമുള്ള ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ – കോട്ടയ്ക്കലും ഡൽഹിയിലും
▸ കൊച്ചിയിൽ ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ▸ കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ
▸ കോട്ടയ്ക്കലും കഞ്ചിക്കോട്ടും നഞ്ചൻകോട്ടും ഔഷധനിർമ്മാണ ഫാക്ടറികൾ ▸ അഞ്ഞൂറ്റിയെൺപതോളം ശാസ്ത്രീയ ഔഷധങ്ങൾ
▸ ഗവേഷണത്തിന്നും പ്രസിദ്ധീകരണത്തിന്നും പ്രത്യേകം വിഭാഗങ്ങൾ ▸ ഔഷധത്തോട്ടങ്ങൾ
▸ ഔഷധസസ്യഗവേഷണകേന്ദ്രം ▸ ആയുർവേദപഠനസൗകര്യങ്ങൾ ▸ 26 ശാഖകൾ, 1800–ൽപരം അംഗീകൃതവിതരണക്കാർ
▸ പി.എസ്.വി. നാട്യസംഘം ▸ മൊബൈൽ മെഡിക്കൽ യൂണിറ്റ് ▸ വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം
ഹോസ്പിറ്റൽ സമുച്ചയം, കോട്ടയ്ക്കൽ
ഹോസ്പിറ്റൽ, ദില്ലി
ഹോസ്പിറ്റൽ, കൊച്ചി
ചാരിറ്റബിൾ ഹോസ്പിറ്റൽ, കോട്ടയ്ക്കൽ
ഔഷധോദ്യാനം
ഔഷധസസ്യ ഗവേഷണ കേന്ദ്രം
മ്യൂസിയം, കോട്ടയ്ക്കൽ
ഫാക്ടറി സമുച്ചയം, കോട്ടയ്ക്കൽ
ഫാക്ടറി, കഞ്ചിക്കോട്
ഫാക്ടറി, നഞ്ചൻകോട്
ക്വാളിറ്റി കൺട്രോൾ ഡിപ്പാർട്ട്മെന്റ്
പൈലറ്റ്പ്ലാന്റ്
BRANCHES: Adoor- 0473 4220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484 2375674, Indore - 0731 2513335, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481 2304817/2562396, Kozhikode - 0495 2302666, Madurai - 0452 2623123, Mangalore - 0824 2443140, Mumbai - 022 24016879, 24015195, Mysore - 0821 2331062, New Delhi - 011 24621790, Palakkad (Vadakanthara) - 0491 2502404, Palakkad (Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439, Thrissur - 0487 2380950, Tirur - 0494 2422231, Vijayawada - 0866 2578864/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Delhi - 011 22106500, Kochi - 0484 2554000
ആയുർവേദത്തിന്റെ ആധികാരികമാർഗം
വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ–676 503, കേരളം
Tel.: 0483 2808000, 2742216 | E-mail: mail@aryavaidyasala.com




Manufactured & Marketed by :
**Sreedhareeyam Farmherbs India Private Ltd**, Koothattukulam, Ernakulam, Kerala, India - 686662
Phone +91 79024 90000 / 01. Email : connect@sreedhareeyam.com



**Dr.Dipusukumar. BSc. BAMS. MS (Shalya)**
Consultant at Ayurgem Hospitals, Thrissur

# SEMICLOSED TAILORED LIS (SCLIS) WITH VASECTOMY FORCEPS:

## AN INNOVATIVE MINIMALLY INVASIVE APPROACH IN THE TREATMENT OF CHRONIC ANAL FISSURE.

The treatment for chronic anal fissure is primarily surgical due to ischemia developed from anal stenosis because of hyperspasm of internal anal sphincter.

**THE TREATMENT MODALITIES** :-are

- Lord's dilation
- Lateral partial anal sphincterotomy (LIS) and its technical variants viz

a) Open LIS (OLIS)
b) Closed LIS (CLIS)
c) Tailored LIS (TLIS)
d) Laser sphincterolysis
e) Ksharasutra suturing

All modalities are associated with its own merits and demerits.

**Lord's anal dilation**:- forceful manual anal dilation (MAD)method for relieving the outlet obstruction associated with stenotic anal canal found to have a high risk of incontinence due to the uncontrolled tear of sphincter complex. Now this modality has only a historical relevance.

**LIS**:- is considered as gold standard for surgical cure where non operative therapy fails. Its technical variants are

**a) Open LIS (OLIS)**:- here an incision is made at 3 or 9 o'clock position to expose the internal sphincter muscle and surgeon lifts up to divide the int. sphincter up to dentate line with a knife or cautery.

Merits:- can precisely cut the internal anal sphincter.

Demerits:-More chance for fecal or flatus incontinence.

- Comparatively more invasive and so more post-op pain and chance for bleeding.
- Since LIS wound extends to anoderm, more chance for fecal contamination.
- Delayed wound healing.
- If the LIS wound is sutured, more chance for developing hematoma or abscess.
- open LIS done at midline posterior leads to keyhole deformity.

**b) Closed LIS**:-Here instead of skin incision, surgeon will feel the inter sphincteric groove and a scalpel/ cataract knife / laser fiber inserted and carefully turned towards the internal sphincter to divide, keeping one finger in anal canal to support.

Merits:-Since the LIS wound size is small, post-op pain and bleeding are less. Treatment duration also will be short.

Demerits:-According to literature, chance for incontinence is same for open and closed method.

-Chance for hematoma or abscess formation is high due to inadequate drain of fluids through small wound.

-Chance for anal mucosal injury will be higher with beginners.
-Sometimes cutting the preferred length of sphincter is less leading to persistence of stenosis.
-Stab wound may lead to submucosal fistula in post op. period.
-Since cutting of sphincter is based on palpation ,amount of spincher to be cut is often not specific.
- Sometimes cutting of spincher muscle may not be uniform.
-This method is non- reproducible. If desired dilation is not achieved by CLIS, open method must be tried again.

**c) Ksharasutra suturing** (closed posterior sphincterotomy by ksharasutra)
Merits:- least chance of fecal or flatus incontinence and post-op bleeding.
Demerits:-Regular weekly ksharasutra changing is needed.
-More painful procedure than LIS
- Long treatment period
- If the suture bite is deep, more chance to develop post op. keyhole deformity.

**d) Tailored LIS**:-division of internal anal sphincter for the length of the fissure rather than to the dentate line.
Merit:- Very low chance for incontinence.
Demerits:- Higher chance of recurrence due to persistence of anal stenosis

**Semiclosed tailored LIS (SCLIS) with vasectomy forceps: A surgical innovation**.

Considering the above mentioned demerits on respective surgical modalities, a surgical innovation is essential which almost rectify the disadvantages associated with LIS.

**Materials and method**

Anal(Pratt) anal speculum.
Scalpel with no.15 blade.
Vasectomy forceps.
Mosquito forceps (5").

**Procedure**

All patients were given perianal block. Patient under lithotomy position. Part painted and draped. After applying xylocaine jelly, Pratt anal speculum is inserted and slowly opened and intersphincteric groove is palpated at 3/9 o' clock position. A small nick is made at intersphincteric groove at 3/9 o'clock position with no. 15 surgical blade and a mosquito forceps is introduced into the nick. A vasectomy forceps is inserted carefully in between internal sphincter and anal mucosa and gently opens its jaws to detach the attachments and create a space. Insert no.15 surgical blade into this space in between internal sphincter and anal mucosa and rotate 90° and cut the internal sphincter according to spasm of int. sphincter held in-between the opened jaws of mosquito forceps (so that the anal canal admits 2 finger insertion easily-tailored procedure). Remove all instruments from anal canal. Give a gentle finger pressure by inserting index finger inside anal canal at 3/9 o clock position. As the anal canal become dilated, give two finger dilation. To attain hemostasis from the cut site, pinch cock the site between

thumb and Index finger for 5 minutes. No attempts have done to close the cut site with the sutures which may lead to hematoma or abscess formation on post operative period. Dressing done on wound site and patient discharged on the same day. Dietary modification and regular sitz bath adviced.

**Merits**

-Minimally invasive than open LIS and so less post-op pain.
-Wound size is wide (3-4mm) enough for any fluid drainage post op and so there is no hematoma or abscess formation.
-Since it's a tailored procedure according to spasm of anal sphincter, practically there is no incontinence to stool or gas.
-Wound healing is fast and so treatment period is short.
-The wound is outside the anoderm and so less contamination of wound with stool during defecation.
-Patient satisfaction is high.

**LAST, BUT NOT LEAST**:-LIS is contraindicated in patients with
- preoperative incontinence problem,
-irritable bowel syndrome.
-in female, internal anal sphincter (IAS) is shorter and seems more damage to continence mechanism.
-chronic anal fissure with normal or subnormal IAS tone.
-since coccydynia symptoms mimics anal fissure, specific differential diagnosis should be done in that aspect.
-sometimes patients with normal or subnormal IAS tone may voluntarily contracts external sphincter muscle during palpation due to pain on fissure bed which may be misdiagnosed as hyper spasm of IAS. LIS done in these patients could be catastrophic . So patient selection should be highly important.

Scan the QR code to watch procedure video in YouTube.

# ഔഷധ നിർണയത്തിന് മുമ്പ്
## അവസ്ഥാനുസൃത ചികിത്സാ നിർണ്ണയത്തെ കുറിച്ചുള്ള പാനൽ ചർച്ചയുടെ സംഗ്രഹം

**ഡോ. മുകേഷ്. ഇ**

ചരകസംഹിത ചികിത്സാസ്ഥാനം ജ്വര ചികിത്സയിൽ പറയുന്ന പുനരാവർത്തക ജ്വരലക്ഷണങ്ങൾ ലീനത്വം മനസ്സിലാക്കുന്നതിന് പരിഗണിക്കാവുന്നതാണ്. ലീനത്വത്തെ മൂന്ന് ഘടകങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കും.

1) നിദാനം – അബലവാനായ നിദാനം വളരെയധികം കാലം ശരീരത്തിൽ നിലകൊള്ളുന്നത്. 2) ചികിത്സയിൽ വരുന്ന പാകപ്പിഴകൾ 3) ശോധന ചികിത്സയിലെ ഏറ്റക്കുറച്ചിലുകൾ ധാതുക്കളുടെ സാധാരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ദോഷങ്ങൾ ധാതുക്കളിൽ സ്വാധീനം ചെലുത്തുന്നുണ്ടെങ്കിൽ അതിനെ ധാതുഗതാവസ്ഥയായി പറയാം. കുഷ്ഠ പ്രകരണത്തിൽ സപ്തദ്രവ്യസംഗ്രഹം പറയുകയും പിന്നീട് ധാതുഗതമായ കുഷ്ഠത്തെ വർണ്ണിക്കുകയും ചെയ്യുമ്പോൾ, രോഗം പ്രകടമാകുന്ന സമയത്തുള്ള ധാതുക്കളുടെ പങ്കാളിത്തത്തേയും ധാതുഗതാവസ്ഥയേയും വിവേചിച്ചറിയേണ്ട കാര്യമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ധാതുക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു ശേഷം ഏതെങ്കിലും ദോഷങ്ങളുടെ സ്വാധീനം അവയ്ക്കുണ്ടാവുകയാണെങ്കിൽ ധാതുക്കളുടെ പങ്കാളിത്തമെന്നും ദോഷാധിക്യം കാരണം ധാതുക്കളുടെ ചയാപചയ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെങ്കിൽ അതിനെ ധാതുഗതാവസ്ഥയെന്നും പറയാം. ധാതുഗതാവസ്ഥയിലെ ശോധന ചികിത്സയ്ക്കു ശേഷം അതത് വ്യാധിക്കനുപൂരകമായുള്ള രസായന പ്രയോഗങ്ങളുടെ പ്രസക്തി വരുന്നത് ഇവിടെയാണ്. എന്നാൽ കൃത്യമായും രോഗാവസ്ഥ മനസ്സിലാക്കിയ ശേഷം വേണം ഔഷധങ്ങൾ പ്രയോഗിക്കാൻ . അല്ലാത്തപക്ഷം പ്രയോഗ അപരിശുദ്ധിയിലേക്ക് നയിക്കാം.

**ഡോ. ജിതേഷ്**

ലീനമെന്നുള്ള ആശയത്തെ രണ്ടു രീതിയിൽ പറയാം – സ്രോതോലീനവും ധാതുലീനവും. (ജ്വരത്തിൽ ഉഷ്ണോദകത്തിന്റെ വിവരണത്തിൽ സ്രോതസ്സിനെ മൃദൂകരിക്കുന്ന കാര്യം കാണാം.) അതിൽത്തന്നെ സ്രോതോലീനത്തെ മൂർത്തരൂപത്തിലുള്ളതും ധാതുലീനത്തെ അമൂർത്തരൂപത്തിലുള്ളതും മനസ്സിലാക്കണം. വിളംബിക വിവരിക്കുന്ന അവസരത്തിലാണ് ലീനമെന്ന പദപ്രയോഗം ആദ്യമായി ഉപയോഗിക്കുന്നത്. (ലീനാദാമാദേവ വിളംബികാ). ചരകസംഹിതയിൽ അലസകപ്രകരണത്തിൽ കുറച്ചു കൂടെ വിശദമായി ലീനത്വത്തെ പറയുന്നു. (വിബദ്ധമാർഗം അതിമാത്രപ്രലീനം...). ഇത്തരം സാഹചര്യങ്ങളിൽ മൂർത്തരൂപത്തിൽ അന്നവഹസ്രോതസ്സുകളിലുള്ള ലീനത്തെ വേണം പരിഗണിക്കാൻ. അതു പോലെ തന്നെ ജ്വരത്തിൽ പറയുന്ന ലീനത്തേയും ഇതേ രൂപത്തിൽ പരിഗണിക്കണം. എങ്കിൽ മാത്രമേ ഉഷ്ണജലത്തിന് അതിന്റെ കർമ്മം ചെയ്യാൻ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം ബലവാനായ ലീനത്തെ പരിഹരിക്കാൻ തക്കവണ്ണം ശക്തിയുള്ളതാണോ ഉഷ്ണമെന്ന സംശയം ഉണ്ടാകാം. ലീനപിത്താനില ശ്ലേഷ്മസകൃന്മൂത്രാനുലോമനം എന്നു പറയുന്നത് ശ്രദ്ധിക്കുക.

പ്രാണവഹസ്രോതസ്സിലെ ശ്വാസത്തെ പരിഗണിക്കുമ്പോൾ ലീനഞ്ചേദ്ദോഷശേഷ: സ്യാദ്ധൂമൈസ്തം നിർഹരേദ്ബുധ: എന്ന് എടുത്തുപറഞ്ഞിരിക്കുന്നു. സ്രോതസ്സിൽ അവശേഷിക്കുന്ന ദോഷത്തെ സ്ഥാനികമായ ചികിത്സ എന്ന രീതിയിൽ ധൂമം കൊണ്ട് നിർഹരിക്കണമെന്ന് പറയുന്നു.

ചരകം കല്പനാ സിദ്ധിയിൽ സൂക്ഷ്മസ്രോതസ്സുകളിൽ ലീനമായ ദോഷത്തെ സ്വേദം ദ്രവത്വത്തിലെത്തിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. ധാതുലീനമായ അവസ്ഥയിലാകട്ടേ ഇതിനെ കൃത്യമായി നിർഹരിക്കുവാൻ പഞ്ചകർമ്മങ്ങൾ ഉപയോഗിക്കാം.

ചരകം സൂത്രസ്ഥാനം അപാമാർഗ്ഗ തണ്ഡുലിയത്തിൽ പറയുന്നു:

താന്യുപസ്ഥിതദോഷാണാം സ്നേഹസ്വേദോപപാദനൈ:

പഞ്ചകർമാണി കുർവീത മാത്രാകാലൗ വിചാരയൻ

ഉപസ്ഥിതദോഷം എന്നുള്ളതിനെ ചക്രപാണി ഇങ്ങനെ വിവരിക്കുന്നു:

ഉപസസ്ഥിതദോഷാണാം ഇതി ശാഖാം ത്യക്ത്വാ കോഷ്ഠംഗമനേന തഥാ ലീനത്വപരിത്യാഗേന പ്രധാനാവസ്ഥാപ്രാപ്തദോഷാണാം

വിഷമജ്വരത്തെ ധാതുലീനാവസ്ഥയിലും സാധാരണമായുള്ള ജ്വരത്തെ സ്രോതോലീനാവസ്ഥയിലും പരിഗണിക്കാം. ജ്വരത്തെയും അന്നവഹസ്രോതസ്സിലുള്ള അലസകം, വിളംബിക മുതലായവയെയും ശ്വാസത്തേയും ചികിത്സിക്കുന്ന കാര്യത്തിൽ ഈ വ്യത്യാസം കാണാൻ കഴിയും. മൂർത്തരൂപത്തിലുള്ളതിന് ശമനവും അമൂർത്തമായതിൽ ശോധനവും പറയുന്നു.

**ഡോ. ശ്യാമകൃഷ്ണൻ (ചോദ്യം)**

സന്ധിയിലല്ലാതെയുള്ള ആമലക്ഷണങ്ങൾ എങ്ങനെ മനസ്സിലാക്കാം.?

**ഡോ. ശ്രീകുമാർ**

തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങളിൽ ആമത്വത്തെ പരിഗണിക്കാവുന്നതാണ്. നിദാനം ശരീരത്തിൽ തന്നെ നിലനിൽക്കുകയും ദോഷദൂഷ്യസമൂർച്ഛനങ്ങൾ പൂർണ്ണമാകുന്നതിലൂടെ രോഗങ്ങൾ വീണ്ടും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

**ഡോ. കൃഷ്ണപ്രസാദ്**

നാവിലുണ്ടാകുന്ന ഉപലേപത്വം ആമം, ക്ലേദം അഗ്നിമാന്ദ്യം, ദോഷദുഷ്ടി എന്നിവയ്ക്ക് ആനുപാതികമായാണ് കാണുന്നത്. ജീർണ്ണമായിരിക്കുന്ന രോഗങ്ങളിൽ നാവിലെ ഉപലേപത്വം കൃത്യമായി പ്രകടമാകുന്നു.

**ഡോ. ശ്യാമകൃഷ്ണൻ**

നാവിലുണ്ടാകുന്ന വിള്ളലും നാവിന്റെ അഗ്രഭാഗത്തുണ്ടാകുന്ന നീലവർണ്ണങ്ങളും മാനസികസമ്മർദ്ദം അനുഭവിക്കുന്ന രോഗികളിൽ കാണുകയും കൃത്യമായ ചികിത്സാ പ്രയോഗങ്ങൾ കൊണ്ട് പ്രധാനരോഗം മാറുന്ന തിനോടൊപ്പം തന്നെ മാറിക്കാണുകയും ചെയ്യുന്നു.

**ഡോ. ബിന്നിത**

കഫപൈത്തികമായ അവസ്ഥകളിൽ പ്രത്യേകിച്ചും ത്വക് രോഗങ്ങളിൽ ആമത്തെ പരിഗണിക്കേണ്ടതുണ്ട്.

**ഡോ. മുകേഷ്**

ലീനത്തിന് ശിഷ്ടം എന്ന അർത്ഥമാണ് അഷ്ടാംഗ ഹൃദയം സൂത്രസ്ഥാനത്തിൽ നൽകിയിരിക്കുന്നത്. മാർഗ്ഗങ്ങളിൽ ലീനമായിരിക്കുന്നതിനെ ഉണക്കിക്കളയുന്നതിന് വേണ്ടി ധൂമപാനം ചികിത്സയ്ക്കായി ഉപയോഗിക്കുന്നു. ഋതുചര്യാധികാരത്തിൽ വ്യഖ്യാനത്തിൽ ചയത്തിലൂടെ കോപിച്ചതിന് ശോധന ചികിത്സയും അചയത്തിലൂടെ കോപിച്ചതിന് ശമനചികിത്സയുമെന്ന് പ്രത്യേകം പരാമർശിക്കുന്നു. കുഷ്ഠം പോലുള്ള അവസ്ഥകളിൽ ഉപശയാനുപശയങ്ങളിലൂടെ ആമത്തെ കണ്ടു പിടിക്കാനാകും പരസ്പരം കൂടിക്കലർന്ന പല ദോഷങ്ങളുടേയും ലക്ഷണങ്ങൾ ഒരുമിച്ച് കാണുകയാണെങ്കിൽ ആമാവസ്ഥ സംശയിക്കാവുന്നതാണ്.

**ഡോ. ശ്യാമ കൃഷ്ണൻ**

ജ്വരത്തിന്റെ ആദ്യഭാഗങ്ങളിൽ അന്യോന്യ മൂർഛനത്തെപ്പറ്റി പറയുന്നതായി വ്യാഖ്യാനങ്ങളിൽ കാണുന്നു.

**ഡോ. ജിതേഷ്**

ക്ലേദപ്രധാനമായ ലക്ഷണങ്ങളോടൊപ്പം തന്നെ ശാരീരികമായ ലക്ഷണങ്ങളും സ്രാവത്തിന്റെ സ്വഭാവവും മുൻനിർത്തി ത്വക്‌രോഗങ്ങളിലെ ആമത്തെ അറിയാൻ കഴിയുന്നു. പ്രാദേശികമായി താപനിലയിലുണ്ടാക്കുന്ന വർധനവ് സാമപിത്തത്തേയും ശോഫം സാമകഫത്തേയും സൂചിപ്പിക്കുന്നു.

സംവാദം അവസാനിച്ചു. സംവാദത്തിന്റെ പൂർണ്ണ രൂപത്തിനായി ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുക.

---



**AMAI മൊബൈൽ ആപ്പ്**

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗങ്ങൾക്ക് വിവിധ സേവനങ്ങൾ നല്കുന്നതിനായി ഒരു മൊബൈൽ ആപ്പ് സജ്ജമാക്കിയിട്ടുണ്ട്. പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിന് ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുക.

പുതിയ മെമ്പർഷിപ്പും ആശ്വാസ് പ്ലസ് പോളിസിയും എടുക്കുക, മെമ്പർഷിപ്പും ആശ്വാസ് പ്ലസും പുതുക്കുക, വിവിധ ക്ലാസുകളെ പറ്റിയുള്ള അറിയിപ്പുകൾ ലഭിക്കുക, ക്ലാസുകളുടെ റെക്കോർഡിംഗ് ലഭിക്കുക തുടങ്ങിയ അനേകം സേവനങ്ങൾ ഇതിലൂടെ ലഭിക്കും.

# WE HAVE YOUR BACK COVERED

**BRING THE FOCUS BACK ON YOU, NOT YOUR BACK PAIN**

**INTRODUCING A RANGE OF SPINE CARE PRODUCTS
INSPIRED FROM ANCIENT AYURVEDA**




## CERVIGEST®

**AVARTHY CAPSULE**




**Comprehensive
Cervical Spine Care**

## LUMBAGEST®

**AVARTHY CAPSULE**




**Effective solution for
Lumbar Spondylitis & Sciatica**

KERALA ayurveda® wellness, naturally

Academies · Clinics · Hospitals · Products · Resorts
Toll Free Number: 1800-103-5790
www.keralaayurveda.biz | Email ID: info@keralaayurveda.biz

75 years of ayurveda · EVOLVING AYURVEDA SINCE 1945 · GMP · DST/DSIR


NAGARJUNA
AYURVEDA
The healing touch of Ayurveda brought to you by
* About 500 traditional Ayurvedic products
* 36 Branded Proprietary products
* Large number of Ayurvedic Personal care products
* Largest retail network in Kerala Ayurveda
* Products available in 18 States of India
* The only ISO certified R & D in Kerala Ayurveda
* The only Animal Testing Lab in Kerala Ayurveda
* Provides the complete range of authentic and scientific ayurveda treatment
ARTILON
SOFT GEL CAPSULE
the vigilant sentinel for Bones & Joints
SCIATILON
SOFT GEL CAPSULE
the unmatched Lumbo-sacral reinforcement
SPONDYLON
SOFT GEL CAPSULE
the unparalleled Vertebral specialist
CARDOSTAB
TABLET
the comprehensive Anti-hypertensive
DIARID
TABLET
the comprehensive control to Diabetes Mellitus
PSORIA
OIL
the dependable choice to control Psoriasis
COUNT PLUS
GRANULES
the invigorating answer to Infertility
NAGARJUNA HERBAL CONCENTRATES LTD.
Thodupuzha. Tel: +91 9961633366 | E-mail: cmo@nagarjunaayurveda.com
www.nagarjunaayurveda.com
Reviving an ancient tradition for modern healthcare

# സംഘടനാ വാർത്തകൾ

## തിരുവനന്തപുരം സോൺ

**യുവപഥം 2022**

തിരുവനന്തപുരം സോൺ & കൊല്ലം ജില്ലാ കമ്മിറ്റിയുമായി ചേർന്ന് യുവ ഡോക്ടർമാർക്ക് വേണ്ടി യുവപഥം 2022 എന്ന സി എം ഇ നവംബർ 27 ന് കൊല്ലം ഡോ.ചന്ദ്രചൂഡൻ മെമ്മോറിയൽ എ.എം.എ.ഐ ഹാളിൽ വച്ച് നടത്തി. 60 പേർ പങ്കെടുത്തു.

യുവ ഡോക്ടർമാർക്ക് പ്രോയോജനകരമായ 5 സെക്ഷനുകൾ ഉൾപ്പെടുത്തി ആയുർവേദ രംഗത്ത് പ്രശസ്തരായ ഡോക്ടർമാർ ക്ലാസ്സുകൾ നയിച്ചു.

സെഷൻ -1
Independent clinical practice -ethical,legal, and viable model
ഡോ ആനന്ദ് ആർ.വി; കൺവീനർ, എ.എം.എ.ഐ പ്രൈവറ്റ് സബ് കമ്മറ്റി

സെഷൻ -2
ആയുർവേദ മേഖലയിലെ സംരംഭകത്വം
ഡോ ബിനോയ് യു പി, ചെയർമാൻ, എ.എം.എ.ഐ പ്രൈവറ്റ് സബ് കമ്മറ്റി

സെഷൻ -3
Incredible Ways to Start Digital Marketing
ഡോ രാജേഷ് .ബി; സെക്രട്ടറി, എ എം എ ഐ സ്റ്റേറ്റ് കമ്മറ്റി

സെഷൻ -4
Effective Clinical Management Of Patients
ഡോ സാദത് ദിനകർ; മുൻ ജനറൽ സെക്രട്ടറി എ എം എ ഐ സ്റ്റേറ്റ് കമ്മറ്റി

സെഷൻ 5
Conclusion & moderator speech
ഡോ രജിത് ആനന്ദ് ; മുൻ ജനറൽ സെക്രട്ടറി എ എം എ ഐ സ്റ്റേറ്റ് കമ്മറ്റി

യുവ പഥം ഉദ്ഘാടനം കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സാം. കെ. ഡാനിയേൽ നിർവഹിച്ചു. എ എം എ ഐ സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറി ഡോ. കെ സി അജിത്കുമാർ മുഖ്യ പ്രഭാഷണം നടത്തി. കൊല്ലം ജില്ലാ കമ്മിറ്റി സമർപ്പിച്ച ആയുർപാലിയം പ്രോജക്ട് നടപ്പിലാക്കിയ കൊല്ലം ജില്ലാ പഞ്ചായത്തിനെ പ്രത്യേക അനുമോദനം ചടങ്ങിൽ വച്ച് രേഖപെടുത്തി. കൊല്ലം ജില്ലാ പ്രസിഡന്റ് ഡോ.വി.സുരേഷ് ബാബുവിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ട്രിവാൻഡ്രം സോൺ സെക്രട്ടറി ഡോ. വരുൺ നടരാജൻ സ്വാഗതവും, സോൺ സി.എം.ഇ കൺവീനർ ഡോ. അർജുൻ മോഹൻ നന്ദി പ്രസംഗവും നടത്തി. കൊല്ലം ജില്ല സെക്രട്ടറി ഡോ. രഞ്ജിത്ത്.ആർ ,കൊല്ലം ജില്ല വനിത ചെയർപേഴ്സൺ ഡോ. പ്രിയലക്ഷ്മി എന്നിവർ ആശംസ അറിയിച്ചു

## തിരുവനന്തപുരം

**ആരണ്യകം 2022**

എ.എം.എ.ഐ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും വനിതാ കമ്മിറ്റിയും സംയുക്തമായി എല്ലാ ഏരിയകളുടെയും പ്രതിനിധ്യം ഉറപ്പിച്ചു കൊണ്ട് 04/10/2022ന് കോട്ടൂർ വനത്തിലേക്കു യാത്രയും ട്രക്കിങ്ങും സംഘടിപ്പിച്ചു. ആരണ്യകം 2022 എന്ന പേരിൽ നടന്ന പ്രോഗ്രാം സംസ്ഥാന പ്രസിഡന്റ് ഡോ. സി ഡി ലീന ഉത്ഘാടനം ചെയ്തു. വനത്തിനുള്ളിലെ ഔഷധ സസ്യങ്ങളെ പരിചയപെടുവാനും അവിടെയുള്ള ചികിത്സാരീതികൾ മനസിലാക്കുവാനും ഉദ്ദേശിച്ചു നടത്തിയ ഈ യാത്രക്കു ഡോ അജയൻ സദാനന്ദൻ നേതൃത്വം നൽകി. രാവിലെ 6.30 ന്

തിരുവനന്തപുരം ഗവ:ആയുർവേദ കോളേജ് ൽ നിന്നും ആരംഭിച്ച യാത്ര 8.30 ന് കോട്ടൂർ വനമേഖലയിൽ എത്തിച്ചേരുകയും പ്രഭാത ഭക്ഷണത്തിനു ശേഷം വനത്തിലേക്കു യാത്ര തുടരുകയും ചെയ്തു. യാത്രാ മദ്ധ്യേ വനൗഷധികൾ ഉപയോഗിച്ച് ചികിത്സ നടത്തുന്ന സ്ഥലത്തു എത്തിച്ചേരുകയും അവരുമായി സംസാരിക്കുവാനും കോട്ടൂർ വനമേഖലയിൽ മാത്രം കണ്ടുവരുന്ന വിവിധ ഔഷധ സസ്യങ്ങളെ പരിചയപെടുവാനും സാധിച്ചു. ഉച്ചഭക്ഷണത്തിന് ശേഷം ഉൾവനത്തിലേക്കു ട്രക്കിങ് നടത്തി, വെള്ളച്ചാട്ടം സന്ദർശിച്ച്, അവിടെ നിന്നും കാപ്പുകാട് ആന കൊട്ടിൽ എത്തിച്ചേർന്നു, അവിടെ വച്ചു ഡോ അജയൻ സദാനനന്ദന് ജില്ലാ കമ്മിറ്റിയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് നൽകുകയുണ്ടായി. യാത്രയിൽ പങ്കെടുത്ത എല്ലാപേർക്കും സർട്ടിഫിക്കറ്റ് വിതരണവും നടത്തി. ആരോഗ്യ സർവ കലാശാല മുൻ പ്രൊ. വി.സി ഡോ നളിനാക്ഷൻ, ആശ്വാസ് പ്ലസ് കൺവീനർ ഡോ അനീഷ് കുമാർ, എ.എം.എ റിസർച്ച് ഫൌണ്ടേഷൻ സെക്രട്ടറി ഡോ. ആനന്ദ് എസ്, ഡോ. പദ്മനാഭൻ, തുടങ്ങിയ വരുടെ പ്രതിനിധ്യം കൊണ്ട് യാത്ര കൂടുതൽ അറിവുളവാക്കുന്നതായി മാറി. കാട്ടാക്കട - നെടുമങ്ങാട് ഏരിയ കമ്മിറ്റികൾ ആഥിതേയത്വം വഹിച്ച ഈ പരിപാടിയുടെ ചെയർമാൻ ഡോ. അനീഷ് എം ബി, കൺ വീനർ ഡോ. രാഖി ആർ ജി , ട്രഷറർ ഡോ. ഇന്നസെന്റ് ബോസ് , ചീഫ് കോർഡിനേറ്റർ ഡോ. ലുബ്ന, കോർഡിനേറ്റർസ് ഡോ. അനസ്, ഡോ. ഹരിത, ഓഫീസ് സെക്രട്ടറി സജിൻ തുടങ്ങിയവർക്കും അതുപോലെ തന്നെ കോട്ടൂർ ഗവ: ആയുർവേദ ഡിസ്പെൻസറി സ്പെഷ്യലിസ്റ് എം.ഓ ഡോ. അശ്വതി, കോട്ടൂർ റേഞ്ച് ഓഫീസർ അനീഷ് മറ്റു ഫോറെസ്റ് ഉദ്യോഗസ്ഥർ, തുടങ്ങിയവരുടെ പ്രതിനിധ്യം യാത്ര രസകരവും വിജ്ഞാനപ്രദവുമാക്കി മാറ്റാൻ സാധിച്ചു.






തിരുവനതപുരം സോൺ കൊല്ലം ജില്ലാ കമ്മറ്റിയുമായി സഹകരിച്ച നടത്തിയ യുവപഥം 2022




2023 വർഷത്തെ ഭേഷജം കലണ്ടർ പ്രകാശനം



എറണാകുളം ഏരിയ സംഘടിപ്പിച്ച വൈദ്യശാല 2022 ശ്രീ അനൂപ് ജേക്കബ് എം.എൽ.എ ഉദ്ഘാടനം ചെയ്തു.





എറണാകുളം ജില്ലാ കമ്മിറ്റിയും HSA 21/22 യും സംയുക്തമായി സംഘടിപ്പിച്ച അസ്ത്ര വർക്ക് ഷോപ്പ് ; ഡോ. ഇട്ടൂപ്പ് ജെ അഞ്ചേരിൽ ഉദ്ഘാടനം ചെയ്തു. ഡോ. സാദത്ത് ദിനകർ, ഡോ. സിരി സൂരജ് എന്നിവർ ക്ളാസുകൾക്ക് നേതൃത്വം നൽകി.

## കൊല്ലം

**2023 ഭേഷജം കലണ്ടർ പ്രകാശനം ചെയ്തു**

2023 വർഷത്തെ ഭേഷജം കലണ്ടർ പ്രകാശനം ചെയ്തു. 2022 നവംബർ 27 നു കൊല്ലം എ.എം.എ.ഐ ഹാളിൽ വച്ച് നടന്ന യുവ പഥം സെമിനാറിൽ വച്ച് കൊല്ലം ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സാം. ഡാനിയേൽ കലണ്ടർ പ്രകാശനം ചെയ്തു. ഭേഷജം ബോർഡ് അംഗം ഡോ.വരുൺ നടരാജൻ കലണ്ടർ ഏറ്റു വാങ്ങി. സംസ്ഥാന സെക്രട്ടറി ഡോ. കെ .സി അജിത്കുമാർ ഭേഷജം സന്ദർശിച്ചു.

**തേജസ്വിനി 2**

കൊല്ലം ജില്ലാ വനിതാകമ്മിറ്റി നടത്തിയ hands on training workshop in cosmetology ക്ലാസുകൾ ഡിസംബർ 4 നു അവസാനിച്ചു .ക്ലാസ്സിൽ പങ്കെടുത്ത അംഗങ്ങൾക്കു ഈ മേഖലയിൽ ആത്മവിശ്വാസം നൽകുവാൻ സാധിക്കുന്ന ക്ലാസുകൾ ആയിരുന്നു എല്ലാം .

**ബോധവത്കരണ ക്ലാസ്**

നവംബർ 28 ദേശീയ ഉച്ചഭക്ഷണദിനത്തിന്റെ ഭാഗമായി കൊല്ലം ജില്ലാ വനിതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കരുനാഗപ്പള്ളി ഏരിയ വനിതാ കമ്മിറ്റിയുടെയും മൈനാഗപ്പള്ളി എസ്.സി.വി.യു.പി.എസി ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി ആരോഗ്യപൂർണമായ ജീവിതത്തിൽ ആഹാരത്തിന്റെ പ്രധാന്യം എന്ന വിഷയത്തെ ആസ്പദമാക്കി ഡോ പ്രിയാലക്ഷ്മി പി (ചെയർപേഴ്സൺ, ജില്ലാ വനിതാ കമ്മിറ്റി) ക്ലാസെടുത്തു.

## പത്തനംതിട്ട

**ദേശീയ ആയുർവേദ ദിനാചരണം**

എ.എം.എ.ഐ പത്തനംതിട്ട ജില്ല ദേശീയ ആയുർവേദ ദിനം ഒക്ടോബർ 23 ഞാറാഴ്ച 2pm ന് ഓമല്ലൂർ വേദഗ്രാമിൽ വച്ച് ആചരിച്ചു. ജില്ലാ സെക്രട്ടറി ഡോ. ബി . ഹരി കുമാർ സ്വാഗതം അറിയിക്കുകയും, ജില്ല പ്രസിഡന്റ് ഡോ. വിനോദ് കൃഷ്ണൻ നമ്പൂതിരി അധ്യക്ഷത വഹിക്കുകയും ചെയ്തു. തിരുവതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ പരിപാടി ഉദ്ഘാടനം ചെയ്തു. ഡോ. അശ്വതി ആലീസ്, ഡോ. ജ്യോതി ശാലിനി, ഡോ. ലക്ഷ്മി രാജശേഖരൻ, ഡോ. അസിയ അലാവുദീൻ, ഡോ. നവീൻ വേണുഗോപാൽ, ഡോ . വർഷ മോഹൻ എന്നിവർ ആശംസകൾ അറിയിച്ചു.

അഷ്ടാഗം ആയുർവേദ കോളേജ് അസി. പ്രൊഫ. ഡോ. വിപിൻ സുകുമാരൻ ' ഹർ ദിൻ ഹർ ഘർ ആയുർവേദ 'എന്ന വിഷയത്തിൽ ചർച്ച നടത്തി.ജില്ല വൈസ് പ്രസിഡന്റ് ഡോ. അശ്വിൻ ഹരി പരിപാടിക്ക് കൃതജ്ഞത അറിയിച്ചു.

ഭാരതീയ ചികിത്സാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അയിരൂർ ജില്ലാ ആശുപത്രിയിൽ നടന്ന ആയുർവേദ ദിന ആചരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ ഉദ്ഘാടനം ചെയ്തു, ഡോ. ബി. ഹരികുമാർ പങ്കെടുത്തു.

ശാന്തിഗിരി ആയുർവേദ സിദ്ധ വൈദ്യശാലയും പത്തനംതിട്ട ജില്ല കമ്മറ്റിയും സംയുക്തമായി സംഘടിപ്പിച്ച ശില്പശാല 30/10/22 നു മരമണ്ണിലുള്ള ആയുർവേദ ഭവനിൽ നടന്നു. ശ്രീ . ഇ . കെ ഷാജി (ശാന്തിഗിരി അസിസ്റ്റന്റ് ജനറൽ മാനേജർ) സ്വാഗതം ആശംസിച്ച ചടങ്ങു സംസ്ഥാന അവാർഡ് ജേതാവ് ഡോ. എം . നടരാജൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വൈസ് പ്രസിഡന്റ് ഡോ. അശ്വിൻ ഹരി അധ്യക്ഷതയും ജില്ലാ സെക്രട്ടറി ഡോ. ബി ഹരികുമാർ മുഖ്യ പ്രഭാഷണവും നിർവഹിച്ചു. ഡോ. ഉഷ കെ പുതുമന, ഡോ. ആർ ജയചന്ദ്രൻ, ഡോ. കെ പി സത്യേന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. പ്രകാശ് എസ് എൽ, ഡോ. വിവേക് ആൻഡ്രൂസ് എന്നിവർ ക്ലാസ് നയിച്ചു. നാൽപതോളം അംഗങ്ങൾ പങ്കെടുത്ത സെമിനാറിനു ജില്ലാ ട്രഷറർ ഡോ. രഞ്ജിത് എസ് കൃതജ്ഞത പറഞ്ഞു.

**ഏരിയ വാർത്തകൾ**

ഏഴാമതു ആയുർവേദ ദിനത്തോടു അനുബന്ധിച്ചു തിരുവല്ല ഏരിയ കമ്മിറ്റിയും മുത്തൂർ റെസിഡന്റ്സ് അസോസിയേഷനും കാട്ടൂക്കര പാലിയേക്കര നോർത്ത് റെസിഡന്റ്സ് അസോസിയേഷനും സംയുക്തമായി മുത്തൂർ ശ്രീഭദ്ര ഓഡിറ്റോറിയത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. അഡ്വക്കേറ്റ് എൻ രഞ്ജിത് ഉദ്ഘാടനം ചെയ്തു മുപ്പത്തിയൊമ്പതാം വാർഡ് കൗൺസിലോർ ഇന്ദു ചന്ദ്രൻ ആദ്യ ഔഷധ വിതരണം നടത്തി. ഡോ എ സി രാജീവ്കുമാർ ആയുർവേദ ചികിത്സയെ കുറിച്ച് ക്ലാസ് എടുത്തു. 75 പേർ രജിസ്റ്റർ ചെയ്ത ക്യാമ്പിൽ ഡോ വർഷ മോഹൻ, ഡോ സുചിത്ര വിശ്വൻ, ഡോ ദിവ്യ വി ഭാനു, ഡോ വിന്ധ്യാ കൃഷ്ണൻ, ഡോ ആതിര ജി, ഡോ സോണിയ ഉമാനന്ദൻ, ഡോ രമ്യ മോഹൻ, ഡോ കാർത്തിക ആർ എസ് എന്നിവർ പങ്കെടുത്തു.

അടൂർ ഏരിയ വനിത കമ്മിറ്റി യുടെ ആഭിമുഖ്യത്തിൽ എച്ച് ആർ ഡി ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ, അടൂരിൽ (18/11/2022)കൗമാര ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഡോ. ദീപ്തി കൃഷ്ണ, ഡോ.പാർവതി, ഡോ. ആനന്ദൻ എന്നിവർ ക്ലാസുകൾ നയിച്ചു.



## കോട്ടയം

**Workshop on BASIC LIFE SUPPORT (IIEMS)**

എ.എം.എ.ഐ കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ Indian Institute of Emergency Medical Services (IIEMS) നോട് സഹകരിച്ച് 'A Workshop on Basic Life Support' തെള്ളകം ചൈതന്യയിൽ വെച്ച് നവംബർ 13 ഞായറാഴ്ച നടത്തി. 1) CPR - ADULT/CHILD/INFANT, 2) USE OF AN AED (AUTOMATED EXTERNAL DEFIBRILLATOR) IN CARDIAC ARREST, 3) RELIEF OF CHOKING - ADULT/ CHILD/INFANT എന്നിവയുടെ തിയറി ക്ലാസും പ്രായോഗിക പരിശീലനവും പങ്കെടുത്ത എല്ലാ ഡോക്ടർമാർക്കും ലഭിച്ചു. Cardiac arrest , Choking പോലുള്ള അടിയന്തരഘട്ടങ്ങളിൽ ഡോക്ടർ എന്ന നിലയിൽ ചെയ്യേണ്ട പ്രാഥമിക കാര്യങ്ങളെക്കുറിച്ചുള്ള അറിവും പരിശീലനവും ഇതു വഴി എല്ലാവർക്കും ലഭിച്ചു. ക്ലാസിൽ 42 അംഗങ്ങൾ പങ്കെടുത്തു. ക്ലാസിനു ശേഷം ജില്ലാ കമ്മിറ്റിയുടെ ഉപഹാരം ജില്ലാ പ്രസിഡന്റ് ഡോ. ആഷ എസ്. IIEMS പരിശീലകർക്ക് നൽകി.

### ഇടുക്കി മലനിരകളിലൂടെ ഒരു യാത്ര

അംഗങ്ങൾ അന്യോന്യംകൂടുതൽ അറിയുന്നതിനും വ്യക്തി ബന്ധങ്ങൾ കൂടുതൽ സുദൃഢമാക്കുന്നതിനു വേണ്ടിയും കോട്ടയം ജില്ലാ കമ്മിറ്റിയുടെയും കാഞ്ഞിരപ്പള്ളി ഏരിയ കമ്മിറ്റിയുടെയും നേതൃത്വത്തിൽ ഒരു യാത്ര സംഘടിപ്പിച്ചു. സഹ്യാദ്രി ആയുർവേദ ഹോസ്പിറ്റൽ & ഫാക്ടറി സന്ദർശനവും പരുന്തുംപാറ സന്ദർശനവും ഉൾപ്പെട്ട പരിപാടിയിൽ അംഗങ്ങളും കുട്ടികളും ഉൾപ്പെടെ 38 പേർ പങ്കെടുത്തു. രാവിലെ ഏഴരയ്ക്ക് കോട്ടയത്തുനിന്ന് യാത്ര ആരംഭിച്ചു. പ്രഭാത ഭക്ഷണം ഡോ.രാജു തോമസിന്റെ ഭവനത്തിലായിരുന്നു തയ്യാറാക്കി വെച്ചിരുന്നത് . രാവിലെ 11 മണിയോടുകൂടി കുട്ടിക്കാനത്തെത്തി സഹ്യാദ്രി ആശുപത്രിയും ഫാക്ടറിയും സന്ദർശിച്ചു. ഹോസ്പിറ്റലിലെ ഔഷധ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം കാണുകയും അവിടുത്തെ വിശാലമായ ചുറ്റുപാടുകൾ മുഴുവൻ നടന്ന് ഔഷധ സസ്യങ്ങളും പരിചയപ്പെടുവാനും സാധിച്ചു. ഡോക്ടർമാർക്ക് കൂടുതൽ ഗുണകരമായ രീതിയിൽ ഔഷധങ്ങൾ വിതരണം ചെയ്യുവാൻ സഹ്യാദ്രി ആയുർവേദ സന്നദ്ധത അറിയിക്കുകയും ചെയ്തു. വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും അവിടെ തന്നെ തയ്യാറാക്കിയിരുന്നു. ഉച്ചയൂണിന് ശേഷം നടന്ന യോഗത്തിൽ ജില്ലാ പ്രസിഡണ്ട് ഡോ.ആഷ എസ്. സഹ്യാദ്രി ആയുർവേദ ഡയറക്ടർ ഫാ. ബ്രിജേഷിന് ഉപഹാരം നൽകി. പ്രകൃതി രമണീയമായ പരുന്തുംപാറ സന്ദർശിക്കാനായി അവിടെ നിന്നും മൂന്നുമണിക്ക് ശേഷം തിരിച്ചു. നല്ല പച്ചപ്പുള്ള മലനിരകളും തണുത്ത അന്തരീക്ഷവും മനസ്സിന് വളരെ കുളിർമയേകുന്നതായിരുന്നു. ഡോക്ടർമാർ കുട്ടികളുമായി വന്നതുകൊണ്ട് അവരുടെ പാട്ടും ഡാൻസും എല്ലാം കൂടെ വളരെ നല്ല ഒരു യാത്ര തന്നെയായിരുന്നു അത്. പരുന്തുംപാറ സന്ദർശനം കഴിഞ്ഞ് യാത്ര അവസാനിച്ചുതിരിച്ച് മടങ്ങുന്ന വഴി പെയ്ത മഴയും വളരെ നന്നായി തന്നെ ആസ്വദിച്ച് എല്ലാവരും വീടുകളിൽ തിരികെ എത്തി. കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന ഉല്ലാസ യാത്രയ്ക്ക് എല്ലാവിധ സഹകരണവും നൽകിയത് വേദസുധ ആയുർവേദയും സഹ്യാദ്രി ആയുർവേദയുമായിരുന്നു.

**ആലപ്പുഴ**

**ബോധി** :ലഹരി ബോധവത്കരണ ക്യാമ്പയിൻ മാതൃഭൂമിയുമായി സഹകരിച്ചു ചേർത്തല യിൽ ആലപ്പുഴ ജില്ലാ കളക്ടർ തേജ് കൃഷ്ണ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് ഡോ രഞ്ജിത്ത് ബോധ വത്കരണ സെമിനാർ നയിച്ചു. ചേർത്തല ഏരിയ സെക്രട്ടറി ഡോ രോഹൻ ബാബു ആശംസകൾ നേർന്നു

**ഓർമ മരം :**

മണ്മറഞ്ഞു പോയ അധ്യാപകരുടെ ഓർമ നിലനിർത്തികൊണ്ട് ആലപ്പുഴ ജില്ലയിലെ വിവിധ സ്കൂളുകളിൽ ഓർമ മരം എന്നപേരിൽ അതാതു സ്കൂളുകളിലെ ആയുഷ് ക്ലബ്ബുകളുടെ നേതൃത്വത്തിൽ വൃക്ഷ തൈകൾ നട്ടുമാവേലിക്കര, കായംകുളം, ഹരിപ്പാട്, ചെങ്ങന്നൂർ ചേർത്തല എന്നീ ഏരിയകൾ പങ്കെടുത്തു.

ചേർത്തല ഏരിയ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ദേശീയ ആയുർവേദ ദിന വാരാചരണത്തോടനുബന്ധിച്ച്, ആയുഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വെള്ളിയാകുളം ഗവൺമെൻറ് യു പി സ്കൂളിൽ ഓർമ്മ മരം എന്ന പരിപാടി സംഘടിപ്പിച്ചു. സ്കൂളിലെ മുൻ അദ്ധ്യാപകനായിരുന്ന ശ്രീ ഉദയകുമാർ സാറിന്റെ ഓർമ്മയ്ക്കായി വിദ്യാർത്ഥികൾ നെല്ലിമരം നട്ടു. പ്രധാന അദ്ധ്യാപിക ശ്രീമതി എൻ.ഉഷ ടീച്ചർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. സെൽന ഔഷധ സസ്യങ്ങൾ പരിപാലിക്കുന്നതിനെക്കുറിച്ച് ക്ലാസ്സ് എടുത്തു.

ചേർത്തല ഏരിയ പ്രസിഡന്റ് ഡോ. യേശുദാസ്, വൈസ് പ്രസിഡന്റ് ഡോ. പ്രവിത എൽ , ജോയിൻറ് സെക്രട്ടറി ഡോ. മനു വെങ്കടേഷ് എന്നിവർ ആശംസകൾ നേർന്നു. സ്റ്റാഫ് കോഡിനേറ്റർ ശ്രീമതി ആർ ജയശ്രീ ടീച്ചർ നന്ദി പ്രകാശിപ്പിച്ചു.

മാവേലിക്കര ഏരിയ: ഏഴാമത് ദേശീയ ആയുർവേദ ദിനത്തോടനുബന്ധിച്ച് ചെന്നിത്തല തൃപ്പെരുന്തുറ ഗവ: യു.പി സ്കൂളിൽ ഭാരതീയ ചികിത്സാ വകുപ്പും മാവേലിക്കരയും സംയുക്തമായി മെഡിക്കൽ ക്യാമ്പും ഹെൽത്ത് കാർഡ് വിതരണവും നടത്തി. ഒരു വർഷം നീളുന്ന യോഗ പരിശീലനത്തിനും തുടക്കം കുറിച്ചു. സ്കൂൾ ഹെഡ്മിസ്ട്രെസ് ശ്രീമതി ശ്രീലത ടീച്ചർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ സന്തോഷ് സാർ സ്വാഗതവും ചെന്നിത്തല പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വിജയമ്മ ഫിലേന്ദ്രൻ ഉദ്ഘാടനവും ഡോ ലീന പി നായർ (അസോസിയേറ്റ് പ്രൊഫസർ, അമൃത സ്കൂൾ ഓഫ് ആയുർവേദ) ആയുർവേദദിന സന്ദേശവും നൽകി. ഡോ ശ്രീനി ആർ (SMO,GAD,ചെന്നിത്തല), ഡോ ശിവപ്രിയ, ശ്രീ വിജയൻ സാർ, ശ്രീ സുഭാഷ് തുടങ്ങിയവർ ആശംസ അർപ്പിച്ചു. തുടർന്ന് മുൻ ഹെഡ്മിസ്ട്രെസ് ശ്രീമതി ബി കമലാക്ഷി അമ്മ ടീച്ചറിന്റെ പേരിൽ ഓർമമരം നട്ടു. സ്കൂളിലെ കുട്ടികളുടെ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും മുഴുവൻ കുട്ടികളെയും പരിശോധിച്ച് മരുന്നുകൾ നൽകുകയും ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ രവി കുമാർ എല്ലാവിധ പിന്തുണയും നൽകി

ഹരിപ്പാട് ഏരിയ: സെമിനാർ

26.10.2022 ഹരിപ്പാട് ഏരിയ കമ്മിറ്റി യുടെ നേതൃ ത്വത്തിൽ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി അത്മവിദ്യ ജി എൽ പി എസ് ൽ 'ഔഷധ സസ്യ പരിചയം' മത്സരം നടത്തി. ഡോ ദീപ്തി കെ ബി, ഡോ ധന്യ ആർ പിള്ള എന്നിവർ ജഡ്ജസ് ആയ മത്സരത്തിൽ നിവേദ്യ

ശശാങ്ക്, ആർത്തിത എസ് , അഭ്യുദേവ് എന്നീ വിദ്യാർത്ഥികൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഡോ അനിത വർഗീസ് സമ്മാന വിതരണം ചെയ്തു. സ്ക്കൂൾ എച്ച് എം ശ്രീമതി അജിത നേതൃത്വം നൽകിയ ചടങ്ങിൽ സ്റ്റാഫ് സെക്രട്ടറി ശ്രീമതി ആരിഫ നന്ദി പറഞ്ഞു

ചെങ്ങന്നൂർ ഏരിയ:

സി.എം.ഇ:ഡോ. ബുഖാരി യുടെ നേതൃത്വത്തിൽ ആധാരമൂല ചികിത്സയിൽ ക്ലാസുകൾ നടന്നു.

ഡോ. ഷമീർ തോടേങ്ങലിന്റെ നേതൃത്വത്തിൽ നെക്ക് ആൻഡ് ന്യൂറോളജി എന്ന വിഷയ ത്തിൽ ചെങ്ങന്നൂർ ലയൺസ് ക്ലബിൽ സെമിനാർ നടന്നു

ആയുർവേദ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ അയ്യപ്പ ഭക്തന്മാർക്ക് വേണ്ടി 41 ദിവസത്തെ മെഗാ മെഡിക്കൽ ക്യാമ്പ് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ നടന്നു വരുന്നു

**പിന്തുണ:** ടി ഡി മെഡിക്കൽ കോളേജിൽ തിരുവനന്തപുരം ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾക്ക് നേരെയുള്ള ആക്രമണത്തിൽ പ്രതിഷേധിക്കുകയും വിദ്യാർത്ഥികളെ സന്ദർശിക്കുകയും അവർക്കു പിന്തുണ അറിയിക്കുകയും ചെയ്തു ഡോ വിഷ്ണു നമ്പൂതിരി, ഡോ. രാജേഷ്, ഡോ ഷാൻ, ഡോ സൈനുലാബ്ദിൻ എന്നിവർ പങ്കെടുത്തു

## എറണാകുളം

വെബിനാർ– Basics of ECG

എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 23/11/22 ബുധനാഴ്ച Basics of ECG വെബിനാർ സംഘടിപ്പിച്ചു. വളരെ interactive ആയി നടന്ന വെബിനാറിൽ 265 പേർ പങ്കെടുത്തു. ഡോ. മനോജ് കാളൂർ ( എക്സിക്യൂട്ടീവ് ഡയറക്ടർ , എ എം എ അക്കാദമി ) ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. മുകേഷ് . ഇ (അസിസ്റ്റന്റ് പ്രൊഫസർ , വി പിഎസ്‌വി ആയുർവേദ കോളേജ്) വ്യക്തവും സമഗ്രവുമായി ഇ.സി.ജി യുടെ അടിസ്ഥാന തത്ത്വങ്ങൾ വിശദീകരിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. ഇട്ടൂപ്പ് ജെ അഞ്ചേരിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി ഡോ. ടിൻസി ടോം സ്വാഗതവും ജില്ലാ ട്രഷറർ ഡോ ശിവൻ പി പി. നന്ദിയും രേഖപ്പെടുത്തി.

വെബിനാർ– Basics of ECG- session 2

എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 30/11/22 ബുധനാഴ്ച Basics of ECG. session -2 വെബിനാർ സംഘടിപ്പിച്ചു. ഡോ. മുകേഷ് . ഇ വിഷയത്തെ അന്വർത്ഥമാകുന്ന തരത്തിൽ, ഇ സി ജി യുടെ അടിസ്ഥാന കാര്യങ്ങളെ വ്യക്തമായി മനസ്സിലാക്കി തരുന്ന ഒരു excellent ക്ലാസ്സായിരുന്നു.120 പേർ ക പങ്കെടുത്ത ക്ലാസ്സിനു ശേഷം സംശയ നിവാരണവും ഉണ്ടായിരുന്നു. ജില്ലാ സെക്രട്ടറി ഡോ. ടിൻ സി ടോം സ്വാഗതവും ജോയിന്റ് സെക്രട്ടറി ഡോ. മനു ആർ മംഗലത്ത് നന്ദിയും രേഖപ്പെടുത്തി.

**വിദ്യാർത്ഥികൾക്കായി വർക്ക് ഷോപ്പ് സംഘടിപ്പിച്ചു**

30.11.2022. ഗവൺമെന്റ് ആയുർവേദ കോളേജ് തൃപ്പൂണിത്തുറയുടെ 58 മത് ഗ്രാജുവേഷൻ

സെറിമണി കൈറോസ് -22 ന്റെ ഭാഗമായി എറണാകുളം ജില്ലാ കമ്മിറ്റിയും HSA 21 22 വും സംയുക്തമായി സംഘടിപ്പിച്ച അസ്ത്ര വർക്ക് ഷോപ്പ് and interactive session 30/11 /22 രാവിലെ 9 മണിക്ക് ആരംഭിച്ചു. ഡോ അനഘ കൺവീനർ, കൈറോസ് 22 സ്വാഗതവും പറഞ്ഞു. ചടങ്ങിന് ഡോ ശ്രേയസ്സ് , (പ്രസിഡന്റ് എച്ച് എസ് എ) അദ്ധ്യക്ഷത വഹിച്ചു. എ എം എ ഐ എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ ഇട്ടൂപ്പ് ജെ അഞ്ചേരിൽ ഉദ്ഘാടനം ചെയ്ത ചടങ്ങിന് പിജിഎസ്എ സെക്രട്ടറി ഡോ ശ്രീനാഥ്, എച്ച് എസ എ സെക്രട്ടറി ഡോ ആൻസ് മരിയ ആന്റണി, കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി ശ്രീരാം എന്നിവർ ആശംസയർപ്പിച്ച് സംസാരിച്ചു . പങ്കെടുത്ത വിദ്യാർത്ഥികൾക്ക് വളരെ ഉപയോഗപ്രദമാവുന്ന രീതിയിൽ എ എം എ ഐ സെക്രട്ടറി ഡോ. സിരി സൂരജ് വൈദ്യശാല വർക്ക്ഷോപ്പിൽ ദശമൂലകടുത്രയം കഷായം, കരിക്ക് കഷായം സിറപ്പ്, പെയിൻ ബാം, ലിനമെന്റ്, സ്പ്രേ, തുത്ഥമലഹരം, മഹാതിക്ത ലേപംഎന്നിവയുടെ നിർമാണ രീതി അവതരിപ്പിച്ചു.

തുടർന്ന് ഉച്ച കഴിഞ്ഞുള്ള സെഷനിൽ എ എംഎഐ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. സാദത്ത് ദിനകർ 'Effective Clinical Management of Patients' എന്ന വിഷയത്തിൽ വിദ്യാർത്ഥികളുമായി സംവദിച്ചു.

**വൈദ്യശാല 2022**

എറണാകുളം ഏരിയയുടെ ആഭിമുഖ്യത്തിൽ നടത്തിയ വൈദ്യശാല 2022 ഓഫ് ലൈൻ വർക്ക്ഷോപ്പിന്റെ ആദ്യ സെഷൻ മരുന്ന് തയ്യാറാക്കൽ 20. 11. 22 ന് രസായന ആയുർവേദ സെന്റർ (പുല്ലംക്കോട്ട് ചെറി എസ്റ്റേറ്റ്, സ്രാപ്പിള്ളി - ബ്ലായിപ്പടി റോഡ്, ഏഴക്കരനാട് പി. ഒ) എറണാകുളത്ത് വെച്ച് നടത്തി. 38 പേർ പങ്കെടുത്തു.

ഫാക്കൽറ്റി: ഡോ. സിരി സൂരജ് പിസി എംഡി (ദ്രവ്യഗുണ), ഉദ്ഘാടനം: ശ്രീ. അനൂപ് ജേക്കബ് എംഎൽഎ. അധ്യക്ഷൻ ഡോ. വി. മാധവചന്ദ്രൻ (ഏരിയ പ്രസിഡന്റ്), ഡോ. എം ആർ വാസുദേവൻ നമ്പൂതിരി വിശിഷ്ടാതിഥി ആയി അനുഗ്രഹ പ്രഭാഷണം നടത്തി , മണീട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി. ജെ. ജോസഫ് ,വാർഡ് കൗൺസിലർ ശ്രീ. പോൾ വർഗീസ് എറണാകുളം ജില്ലാ പ്രെസിഡന്റ് ഡോ. ഇട്ടൂപ്പ് അഞ്ചേരിൽ എന്നിവർ ആശംസകളർപ്പിച്ചു.

ഈ പരിപാടിയുടെ ഓൺലൈൻ സെഷൻ നവംബർ 22 ന് ഡോ. ജോസ് പൈകടയുടെയും നവംബർ 26 ന് ഡോ ഷീല കാരളത്തിന്റെയും നേതൃത്വത്തിൽ നടന്നു.

വൈദ്യശാലയുടെ ഓഫ് ലൈനുള്ള രണ്ടാം ഭാഗം നവം 29 ന് ഡോ. സിരി സൂരജിന്റെ നേതൃത്വ ത്തിൽആയുർവേദ ഭവൻ അങ്കമാലിയിൽ വച്ച് നടത്തുകയുണ്ടായി.

അങ്കമാലി ഏരിയയും പോലീസ് വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായി പുളിയനം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നവംബർ 29 ചൊവാഴ്ച ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. പി ടി എ പ്രസിഡന്റ് ശ്രീ. പി . എൻ നന്ദകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രധാന അദ്ധ്യാപിക ശ്രീമതി. പി. ഓ. കൊച്ചുറാണി, വാർഡ് മെമ്പർ ശ്രീ. പി. ആർ. രാജേഷ്, ഡോ ടോം പി പോൾ , പോലീസ്, എക്സൈസ് വകുപ്പ് പ്രതിനിധികളും സന്നിഹിതരായിരുന്നു. ഡോ. ജോയ് ജോസഫ് ബോധവത്കരണ ക്ലാസ് എടുക്കുകയുണ്ടായി.

**വൈദ്യ സമീക്ഷ**– എറണാകുളം ഏരിയയുടെ ഡോ. ടെസ്സി ടാലിയയുടെ നേതൃത്വത്തിലും മുവാറ്റുപുഴ ഏരിയയുടെ ഡോ. ആ നി എം ജോണിന്റെ നേതൃത്ത്വത്തിൽ ഓൺ ലൈനിലും പറവൂർ ഏരിയയുടെ ഡോ.ബിനോയ് എൻ.ജെയുടെ നേതൃത്വത്തിൽ ഓഫ് ലൈനിലും നടന്നു.

എറണാകുളം ജില്ലാ കമ്മിറ്റിയും മുവാറ്റുപുഴ ഏരിയ കമ്മിറ്റിയുമായി ചേർന്ന് ലഹരി വിമുക്ത ബോധവൽക്കരണ പരിപാടിയായ 'വിമുക്തി' മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് 22/11/22 നടത്തുകയുണ്ടായി . ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ശ്രീമതി വിജി ഉദ്ഘാടനം ചെയ്തു. മൂവാറ്റുപുഴ ഏരിയ പ്രസിഡന്റ് ഡോ. ജോസഫ് ന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. സംഗീതം . പി . ബേബി ക്ലാസ് നയിച്ചു. എറണാകുളം ജില്ലാ പ്രസിഡന്റ് ഡോ. ഇട്ടൂപ്പ് ജെ അഞ്ചേരിൽ ഏരിയ വൈസ് പ്രസിഡന്റ് ഡോ. മാണി ജോസ് എന്നിവർ പങ്കെടുത്തു. എക്സൈസ് വകുപ്പിൽ നിന്നും പ്രിവന്റീവ് ഓഫീസർ ശ്രീ അജയ് കുമാർ, പോലീസ് വകുപ്പിൽ നിന്നും എ എസ് ഐ . സിബി ചെറിയാൻ എന്നിവർ പരിപാടിയിൽ സന്നിഹിതരായിരുന്നു. സ്കൂൾ പ്രിൻസിപ്പൽ ശ്രീ ശ്യാമള വർണ്ണൻ ആശംസ അർപ്പിച്ചു സംസാരിച്ചു.പ്ലസ്ടു വരെ ഉള്ള കുട്ടികൾ പങ്കെടുത്തു..

## പാലക്കാട്

പട്ടാമ്പി ഏരിയ: ബോധവത്കരണ class-- 7/11/2022 cancer awareness day യിൽ പട്ടാമ്പി ഏരിയ സെക്രട്ടറി ഡോ റജ്ന പി, സ്ത്രീകളിലെ കാൻസർ എന്ന വിഷയത്തിൽ ചളവറ പഞ്ചായത്ത് ഹാളിൽ വെച്ച് ബോധവത്കരണ ക്ലാസ്സ് എടുത്തു.

**മണ്ണാർക്കാട് ഏരിയ: ആയുർവേദ ക്വിസ് മത്സരം**

ആയുർവേദ ദിനത്തോടനുബന്ധിച്ച് ആയുർവേദ മെഡിക്കൽ അസോസിയേഷ9 മണ്ണാർക്കാട് ഏരിയയുടെ ആഭിമുഖ്യത്തിൽ 9-11-22 ന് മണ്ണാ4കാട് കല്ലടി ഹയർ സെകൻഡറി സ്കൂളിൽ വച്ച് 8-9 ക്ളാസിലെ വിദ്യാർത്ഥികൾക്ക് ആയുർവേദ കിസ് മൽസരം നടത്തി. 22 വിദ്യാർത്ഥികൾ പങ്കെടുത്തു. ഡോ. സിറാജ് ദിനചര്യയെ കുറിച്ച് ക്ളാസ് എടുത്തു. ഡോ. നിയാസ ക്വിസിന് നേതൃത്വം നൽകി.ഒന്ന് രണ്ട് സ്ഥാനങ്ങൾ ക്ക് സമ്മാനങ്ങൾ നൽകി.

പട്ടാമ്പി ഏരിയ – മെഡിക്കൽ ക്യാമ്പ് – 12/11/22 നു പട്ടാമ്പി ഏരിയയും വിജയ ഫർമസിയും സംയുക്തമായി തൃത്താല കൊപ്പം ഉദയ ക്ലബ്ബിൽ വെച്ച് അസ്ഥിക്ഷയവും അനുബന്ധരോഗങ്ങളും എന്ന വിഷയത്തിൽ ക്ലാസും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു.. പാലക്കാട് ജില്ലാ പ്രസിഡന്റ് ഡോ കോമളം നേതൃത്വം നൽകി.

**പാലക്കാട് ഏരിയ – ആയുർവേദ ഗാനം**

പാലക്കാട് ഏരിയ നമ്മുടെ സംഘടനയുടെ വിവിധ പ്രവർത്തനങ്ങളെ കോർത്തിണക്കി ഒരുമയുടെ ഒരു ഗാനം തയ്യാറാക്കി. ആന്റിബയോടിക് ബോധവൽകരണ വാരത്തോട് അനുബന്ധിച്ച് ബോധവൽകരണ ക്ലാസ്സ് സംഘടിപ്പിച്ചു.

### തൃശ്ശൂർ

<u>വടക്കാഞ്ചേരി ഏരിയ:</u> തെക്കുംകര ഗ്രാമപഞ്ചായത്തിൽ ഡോ .ഫ്രാങ്കോ ജയിംസ് (എസ്.എം.ഒ, മച്ചാട്) ന്റെ നേതൃത്വത്തിൽ നടന്ന സമഗ്ര ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് ബഹു . എം എൽ എ ശ്രീ സേവ്യർ ചിറ്റിലപ്പിള്ളി ഉത്ഘാടനവും ,ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ സുനിൽ കുമാർ അദ്ധ്യക്ഷതയും വഹിച്ചു.

<u>തൃശ്ശൂർ ഏരിയ:</u> ക്ലിനികൽ എമർജൻസി എന്ന വിഷയത്തിൽ ഡോ ശ്രീ ദർശൻ ഓൺലൈൻ ആയി ക്ലാസ് എടുത്തു.

<u>പുതുക്കാട് ഏരിയ:</u> വിവേകോദയം സ്കൂൾ പ്ലസ് വൺ വിദ്യാർഥികൾക്കു പ്രത്യുല്പാദന ആരോഗ്യ വിഷയങ്ങളെ കുറിച്ച് ഡോ സോന കെ ബി ക്ലാസ്സ് എടുത്തു

<u>കുന്നംകുളം ഏരിയ</u>: സംഘടിപ്പിച്ച പൊതു ജന ആരോഗ്യ ക്യാമ്പിനും മരുന്ന് വിതരണത്തിനും ഡോ. സന്തോഷ് എം.ബി , ഡോ. ഹനിനി. എം. രാജ് എന്നിവർ സാരഥ്യം വഹിച്ചു. ഇതോടനുബന്ധിച്ചു ഡോ.ഹനിനി. എം. രാജ് 'Adoloscence awareness' എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്കായി ബോധവത്കരണ ക്ലാസും എടുത്തിരുന്നു.

<u>കൈപ്പമംഗലം ഏരിയ</u>: ആഗോള മില്ലറ്റ് വർഷവുമായി ബഡപ്പെട്ട് ഡോ. ഇന്ദു ആർ. ജി.എം.എൽ.പി.എസ്. കൈപ്പമംഗലം സ്ക്കൂളിൽ വെച്ച് ക്ലാസ് എടുത്തു.

<u>ഇരിഞ്ഞാലകുട ഏരിയ</u>: ഡോ. ആര്യ മൂസ് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് ആനന്ദപുരത്തു വച്ചു നടത്തി.

ലഹരി വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി ഇരിഞ്ഞാലക്കുട നാഷണൽ സ്കൂളിൽ കോമേഴ്സ് ബാച്ച്ലെ 60 കുട്ടികൾക്കു ഡോ. അനിൽ ക്ലാസ്സ് സംഘടിപ്പിച്ചു.

### മലപ്പുറം

**ലക്ഷ്യം 2022**

വനിതാ ക്ലിനിക് നടത്തുന്ന ഡോക്ടർമാർക്ക് തുടർ പരിശീലനം കൊടുക്കുന്നതിന്റെ ഭാഗമായും പുതുതായി വനിത ക്ലിനിക്കുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഡോക്ടർമാർക്കും പരിശീലനം കൊടുക്കുന്നതിന് വേണ്ടിയും വനിത കമ്മിറ്റിയും എ.എം.എ. ഐ മലപ്പുറം ജില്ലാ കമ്മിറ്റിയും സംയുക്തമായി ചങ്ങമ്പള്ളി ആയുർവേദ നഴ്സിംഗ് ഹോമിൽ വച്ച് സ്ത്രീരോഗ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു .

ഈ ക്യാമ്പിൽ 200 ഓളം രോഗികൾ പങ്കെടുത്തു. 14 ഓളം ഡോക്ടേഴ്സ് പരിശീലന പരിപാടിയുടെ ഭാഗമായി .ഈ ക്യാമ്പിന് ഡോക്ടർ. ബീന റോസ് ഡോക്ടർ. റോഷിനി എന്നിവർ നേതൃത്വം നൽകി. തുടർന്ന് ഡോക്ടർമാർക്ക് ഒരാഴ്ച നീണ്ടുനിൽക്കുന്ന ട്രെയിനിങ് പ്രോഗ്രാം ചങ്ങമ്പള്ളി ആയുർവേദ നഴ്സിംഗ് ഹോമിൽ വച്ച് തന്നെ ലഭ്യമാക്കി. ഡോക്ടർമാർക്ക് ക്ലിനിക് നടത്തുന്നതിന് ആവശ്യമായ ഇൻസ്ട്രുമൻറ്റ്സ് ലഭ്യമാക്കുകയും ചെയ്തു.

### കാസർഗോഡ്

നവംബർ 10,11,17,18 തീയ്യതികളിലായി നടത്തിയ സൗഹൃദ ക്ലബ് ത്രിദിന ക്യാമ്പിൽ (കാഞ്ഞങ്ങാട് & കാസർഗോഡ് ഉപജില്ല) psychological first aid എന്ന വിഷയത്തിൽ ഡോ.റഹ്മത്തുള്ള ക്ലാസ്സ് എടുത്തു.

Reproductive health & Parenting എന്ന വിഷയത്തിൽ നവംബർ 24 ന് രാജാസ് മദർ സ്കൂളിലും ബല്ല ഈസ്റ്റ് HSS ലും മേലാൻകോട്ടിലും ഡോ. റഹ്മത്തുള്ള ക്ലാസ്സ് എടുത്തു.

Adolescent reproductive health എന്ന വിഷയത്തിൽ GHSS ചെമ്നാട് വെച്ച് ഡോ. ഫാത്തിമ യാസ്മീൻ വിദ്യാർത്ഥി കൾക്ക് ക്ലാസ്സ് എടുത്തു. Adolescent health എന്ന വിഷയത്തിൽ GVHSS കയ്യൂരിലെ കുട്ടികൾക്കായി ഡോ. ഇന്ദു ദിലീപ് ക്ലാസ്സ് എടുത്തു.

'അമ്മ അറിയാൻ ' class on EFFECTIVE PARENTING എന്ന വിഷയത്തിൽ GHSS കോട്ടപ്പുറത്തെ കുട്ടികൾക്കായി ഡോ. സീമ ക്ലാസ്സ് എടുത്തു.

Sitaram
AYURVEDA

100 YEARS
OF HEALING LEGACY

## Thank you for accepting

# MENSTROSAP

Soft Gel Capsules

**the CLINICALLY PROVEN**
**quick-acting Menstrual Pain-Reliever**
**par-excellence**


**Synergy of**
**Sapthasaram, Gandharvahasthadi**
**& Hinguvachadi**
**strengthened with**
**Uterine Tonics Vrukshamlam & Chincha**
**along with Eranda thailam**

## Effective in


- **# Dysmenorrhea**
- **# Oligomenorrhea**
- **# Secondary Amenorrhea**
- **# PMS (Pre-Menstrual Syndrome)**

**Dosage: 1-2 bid**






| | Base Line 01 | Observation 2 | Observation 3 | Observation 4 |
|---|---|---|---|---|
| No Pain | 0 | 0 | 8 | 23 |
| Mild Pain | 0 | 11 | 21 | 7 |
| Moderate Pain | 4 | 18 | 1 | 0 |
| Severe Pain | 26 | 1 | 0 | 0 |




| | Base Line 01 | Observation 2 | Observation 3 | Observation 4 |
|---|---|---|---|---|
| Nil | 0 | 1 | 1 | 6 |
| Mild | 5 | 16 | 26 | 24 |
| Moderate | 13 | 13 | 3 | 0 |
| Severe | 12 | 0 | 0 | 0 |




| | Base Line 01 | Observation 2 | Observation 3 | Observation 4 |
|---|---|---|---|---|
| Nil | 2 | 9 | 17 | 25 |
| 1 - 3 time / day | 22 | 20 | 13 | 5 |
| 4 - 5 time / day | 4 | 1 | 0 | 0 |
| > 5 time / day | 2 | 0 | 0 | 0 |




| | Base Line 01 | Observation 2 | Observation 3 | Observation 4 |
|---|---|---|---|---|
| Nil | 0 | 0 | 1 | 5 |
| Mild | 0 | 4 | 19 | 23 |
| Moderate | 4 | 26 | 10 | 2 |
| Severe | 26 | 0 | 0 | 0 |


**Sitaram Ayurveda (P) Limited**
Corporate Office: 4th Floor, Pathayapura Building, Round South, Thrissur, Kerala - 680 001
+91 487 2420198 / +91 81378 99899 | www.sitaramayurveda.com | support@sitaramayurveda.com

Postal Registration No ; KL/ALY/0072/2023-25
Licence No: KL/CR/ALU/WPP - 02/2020 - 22
Licenced to post without prepayment

RNI No KERBIL/2013/53836
Annual Subscription : Rs 240
Published on 22/12/2022
Posted at Aluva RMS

Rajah Beach
Kerala's First NABH Accredited Ayurvedic Hospital

# Karutha Gulika Lepam

(Sirasthoda Gulika Lepam)

For headache

Swelling and pain caused by trauma, inflammation




Rajah Ayurveda

Tel:0466 2371741, 2371742, 2371743,
E-mail: rha@ayurvedichospital.com, rajahayurveda@gmail.com
Website: www.ayurvedichospital.com

Ayurvedic Hospitals / Ayurvedic Pharmaceuticals / Herbal Cosmetics
Herbal Plantations / Publication Wing / R&D / Training Programmes / Export Division

Rajah Healthy Acres | Rajah Island | Rajah Beach | Rajah Eco Beach

Printed & Published by Dr. Rejith Anand, For Ayurveda Medical Association of India, Angamali, Ernakulam
Printed at Sterling print house Pvt.Ltd, Ernakulam
Chief Editor; Dr M M Sanal Kumar